കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മരുതോങ്കര ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2015-16

കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ.കെ.കെ.ഡി.പി6/2195/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@kerala.gov.in
വെബ് -www.lfa.kerala.gov.in
ഫോൺ - 0495 2371012

തീയതി. 10-1-2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മരുതോങ്കര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മരുതോങ്കര ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-1,3-2, 3-3 ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് : 1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.കെ.കെ.ഡി. പി6/2195/2016 തീയതി:10-01-2017.

<u>കോഴിക്കോട് ജില്ലയിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോഴിക്കോട് ജില്ലയിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.04.2015 മുതൽ 31.07.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും ഭാഗികമായി പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സതീഷ് കുമാർ. കെ.കെ,<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.11.2016 മുതൽ 29.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. കെ. പി. ഹരി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സതീഷ് കുമാർ. സി. പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ഇന്ദുകല. സി. വി | ഓഡിറ്റർ |

<u>(ബി)നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ. സജിത്ത് | 01.04.2015 – 31.10.2015 |
| | ശ്രീമതി. കെ.എം. സതി | 07.11.2015 – 31.03.2016 |
| സെക്രട്ടറി | ശ്രീ. കെ. ചന്ദ്രൻ | 01.04.2015 – 31.05.2015 |
| | ശ്രീ. സുജിത്ത്. ടി. വി (അസിസ്റ്റന്റ് സെക്രട്ടറി) | 01.06.2015 – 24.07.2015 |
| | ശ്രീ. ബാലകൃഷ്ണൻ. സി.കെ | 25.07.2015 – 19.01.2016 |
| | ശ്രീ. മനോജ് എടവലത്ത് (അസിസ്റ്റന്റ് സെക്രട്ടറി) | 20.01.2016 – 10.02.2016 |
| | ശ്രീ. ബാലകൃഷ്ണൻ. സി.കെ | 11.02.2016 – 31.03.2016 |

നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. രാജി. പി. പി | 01.04.2015 31.03.2016 |
| ഹെഡ് മാസ്റ്റർ | ശ്രീ. കെ. വി. വിനോദൻ | 01.04.2015 –1.03.2016 |
| വെറ്ററിനറി സർജൻ(ചാർജ്ജ്) | ശ്രീ. ടി. രജിത്ത് | 01.4.2015-31.03.2016 |
| മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി | ഡോ.അഖില. എസ് | 01.04.2015 –14.02.2016 |
| | ഡോ. സജിത. സി. പി | 15.02.2016 –31.03.2016 |
| മെഡിക്കൽ ഓഫീസർ<br>ആയുർവേദം | ഡോ. വിനേഷ്. സി.കെ | 01.04.2015 –31.03.2016 |
| മെഡിക്കൽ ഓഫീസർ<br>ഹോമിയോ | ഡോ. നിഖില. | 01.04.2015–31.03.2016 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. കെ.എൽ. രമ | 01.04.2015–31.12.2015 |
| | ശ്രീമതി. അന്നക്കുട്ടി മാത്യു | 01.01.2016– 31.03.16 |
| വി.ഇ.ഒ | ശ്രീ. ജിമ്മിദാസ്. | 01.04.15 – 31.08.2015 |
| | ശ്രീ. പ്രീത് കുമാർ (നിർവ്വഹണ ചുമതല) | 01.04.2015 – 31.03.2016 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |

| | | |
|---|---|---|
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | |
| | ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 2-1 |
| 12 | കാലാവധി കഴിഞ്ഞ തനത് ഫണ്ട് ചെക്കുകൾ അക്കൗണ്ടിൽ തിരികെ വരവ് വെച്ചില്ല. | 2-2 |
| 13 | കെട്ടിട നിർമ്മാണത്തിന് അനുമതി നൽകൽ - രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത | 2-3 |
| | ഭാഗം 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 14 | ബിറ്റുമിൻ പ്രവൃത്തിക്ക് ബിറ്റുമിന്റെ മാർക്കറ്റ് വിലയേക്കാൾ കൂടുതൽ നിരക്ക് ഉൾപ്പെടുത്തി-പഞ്ചായത്തിന് നഷ്ടം | 3-1 |
| 15 | റോഡ് പ്രവൃത്തിക്ക് കരാറുകാർക്ക് പഞ്ചായത്ത് ടാർ വാങ്ങി നൽകി. ടാർ വില തിരികെ ഈടാക്കിയതിൽ കുറവ്, മറ്റ് അപാകതകൾ | 3-2 |
| 16 | ഗ്രാനുലാർ സബ് ബേസ് ഉണ്ടാക്കുവാൻ ക്വാറിമക്ക് ഉപയോഗിച്ച് ഫില്ലിംഗ് ചെയ്യുന്നു. സ്പെസിഫിക്കേഷന് വിരുദ്ധം | 3-3 |
| 17 | വിവിധ റോഡ് പ്രവൃത്തികൾ - സിമന്റ് കോൺക്രീറ്റിന് അധികനിരക്ക് അനുവദിച്ചു | 3-4 |
| 18 | പ്രവൃത്തിയുടെ എം.ബുക്കിൽ തിരുത്തൽ വരുത്തി, പ്രവൃത്തിക്ക് ആവശ്യമായ മെറ്റീരിയൽ സ്റ്റാക്ക് ചെയ്തതായി രേഖപ്പെടുത്തൽ | 3-5 |
| 19 | കൊല്ലിയിൽ കുടിവെള്ള പദ്ധതി - ഗുണഭോക്തൃ കമ്മിറ്റി എന്ന വ്യാജേന കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ചു | 3-6 |
| 20 | പശുക്കടവ്-ഇഞ്ചിപ്പാറ-കോങ്ങോട് റോഡ് - 2012 ൽ ആരംഭിച്ച പ്രവൃത്തി നാളിതുവരെ ഫൈനൽബിൽ തയ്യാറാക്കിയില്ല. | 3-7 |
| 21 | ഫൈനൽബില്ലിൽ നിന്ന് കുറവ് ചെയ്തത് വാണിജ്യനികുതി വകുപ്പിന് അടവാക്കിയിട്ടില്ല. | 3-8 |
| 22 | കൃഷി ഓഫീസിലേക്ക് സീലിംഗ് ഫാൻ വാങ്ങൽ- ടെണ്ടർ നടപടി ക്രമങ്ങൾ പാലിക്കാതെ SIDCO യിൽ നിന്നും നേരിട്ട് വാങ്ങി | 3-9 |

| | | |
|---|---|---|
| 23 | പദ്ധതി മാർഗ്ഗരേഖയും ഫണ്ട് വിനിയോഗമാർഗ്ഗരേഖയും മറികടന്ന് മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)ഉപയോഗിച്ച് അംഗൻവാടികൾക്ക് കംപ്യൂട്ടർ വാങ്ങൽ | 3-10 |
| 24 | ഐ.എ.വൈ വിഹിതം അടവാക്കിയത് :ഔദ്യോഗിക രശീതിയും വിശദമായ വിനിയോഗ സർട്ടിഫിക്കറ്റും ലഭ്യമാക്കിയില്ല | 3-11 |
| 25 | ഐ.എ.വൈ വിഹിതം അടവാക്കിയത് :ഔദ്യോഗിക രശീതിയും വിശദമായ വിനിയോഗ സർട്ടിഫിക്കറ്റും ലഭ്യമാക്കിയില്ല | 3-12 |
| 26 | തെരുവുനായ വന്ധീകരണം : വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല | 3-13 |
| 27 | വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം:അപാകതകൾ | 3-14 |
| 28 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണം:പദ്ധതി മാർഗ്ഗ രേഖാ നിബന്ധന പിലിച്ചില്ല | 3-15 |
| 29 | ശിശുക്കൾക്ക് രോഗപ്രതിരോധ കുത്തിവെപ്പ്- വാഹനവാടകയ്ക്ക് പദ്ധതി തുക ചെലവഴിച്ചു. | 3-16 |
| 30 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ: നാളിതുവരേയായിട്ടും മരുന്ന് ലഭ്യമായില്ല. | 3-17 |
| | ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 34 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ പുതുക്കിയ ബജറ്റ് 29.02.16 തിയതിയിലെ 23/2016 തീരുമാനപ്രകാരം അംഗീകരിച്ചു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് (റസീപ്റ്റ് & പെയ്മന്റ് പ്രകാരം) | വ്യത്യാസം | | ശതമാനം (+)/(-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 1,60,71,106 | 1,60,71,106 | | 0 | 0 |

| | | | | | |
|---|---|---|---|---|---|
| വരവ് | 7,55,73,773 | 3,10,30,946 | | 4,45,42,827 | -58 |
| ആകെ | 9,16,44,879 | 4,71,02,052 | | 4,45,42,827 | -58 |
| ചെലവ് | 8,41,86,606 | 3,66,79,807 | | 4,75,06,799 | -56 |
| നീക്കിയിരിപ്പ് | 74,58,273 | 1,04,22,245 | 29,63,972 | 0 | -40 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 28.07.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം, തീയതി |
|---|---|---|
| 2015-16 | 23.11.16 | |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,60,71,106 |
| വരവ് | 3,10,30,946 |
| ആകെ | 4,71,02,052 |
| ചെലവ് | 3,66,79,807 |
| നീക്കിയിരിപ്പ് | 1,04,22,245 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 10,72,466 | 68,48,096 | 79,20,562 | 79,20,562 | ഇല്ല | 100 |
| വികസനഫണ്ട് എസ്.സി.പി. | 1,21,000 | 7,79,138 | 9,00,138 | 9,00,138 | ഇല്ല | 100 |
| വികസനഫണ്ട് ടി.എസ്.പി. | 87,429 | 2,82,000 | 3,69,429 | 3,69,429 | ഇല്ല | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 6,49,064 | 56,72,597 | 63,21,661 | 63,21,661 | ഇല്ല | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 9,33,483 | 8,68,329 | 18,01,812 | 18,01,812 | ഇല്ല | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 10,16,711 | 52,44,465 | 62,61,176 | 62,61,176 | ഇല്ല | 100 |
| പെർഫോമൻസ് ഗ്രാന്റ് | 25,14,325 | 2052539 | 45,66,864 | 45,66,864 | ഇല്ല | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 3,15,42,400 | 3,15,42,400 | 3,15,41,358 | 1,042 | 99.99 |
| ബി ഫണ്ട് | | 2,31,63,530 | 2,31,63,530 | 2,31,63,530 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 164 | 116 | - | 48 | 70.73 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം. കുറവ്/വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 33,20,263 | 20,87,520 | -1232743 | 37.12 |
| നികുതിയേതര വരവുകൾ | 6,05,358 | 4,34,863 | -170495 | 28.16 |
| മറ്റ് വരവുകൾ | 67,083 | 0 | -67083 | 100 |
| ആകെ | 39,92,704 | 25,22,383 | -1470321 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3,27,240 | 165 |
| കർഷകതൊഴിലാളി പെൻഷൻ | 57,66,960 | 628 |
| വിധവാപെൻഷൻ | 84,99,440 | 738 |
| വാർദ്ധക്യകാലപെൻഷൻ | 63,79,020 | 644 |
| വികലാംഗപെൻഷൻ | 20,10,630 | 170 |
| 50 വയസ്സു കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 60,240 | 6 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 1,20,000 | 4 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.11.2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19,272/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.08.2016-29.08.2016 | ജൂലായ് 2016 വരെ | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് * | ലഭ്യമായില്ല | 2008-09 വരെ | ലഭ്യമായില്ല |

* റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമായില്ല

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

മരുതോങ്കര ഗ്രാമപഞ്ചായത്ത് ഓഡിറ്റിനായി അയച്ചു തന്ന 2015-16 വാർഷിക കണക്കുകൾ അനുബന്ധ രേഖകളുമായി പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കാണിക്കുന്നു.

1. സംഖ്യാധിഷ്ഠിത സമ്പ്രദായത്തിലേക്ക് മാറുന്ന തീയതിവരെ സൃഷ്ടിച്ച മുഴുവൻ ആസ്തികളും വാർഷിക കണക്കിൽ കാണിച്ചിട്ടില്ല.
2. ഡെപ്പോസ്റ്റ് രജിസ്റ്റർ അപൂർണമാണ്.അതിനാൽ ബി-7,ബി-9 ഷെഡ്യൂളിലെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 2-2 കാലാവധി കഴിഞ്ഞ തനത് ഫണ്ട് ചെക്കുകൾ അക്കൗണ്ടിൽ തിരികെ വരവു വെച്ചില്ല.

പണം പിൻവലിക്കൽ പരിശോധനയുടെ ഭാഗമായി തനതു ഫണ്ട് അക്കൗണ്ട് (കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ട് നം. 109614) പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയ തനതു ഫണ്ട് അക്കൗണ്ടിന്റെ താഴെ പറയുന്ന ചെക്കുകൾ ഓഡിറ്റ് തീയതി വരെയും പണമായി മാറിയിട്ടില്ല.

| ചെക്ക് ഇഷ്യൂ ചെയ്ത തിയ്യതി | ചെക്ക് നമ്പർ | തുക |
|---|---|---|
| 31.12.2014 | 6894 | 815 |
| 10.03.2009 | 281130 | 1,000 |
| 01.06.2009 | 28520 | 1,750 |
| 28.09.2012 | 710972 | 282 |
| 16.04.2016 | 16989 | 350 |
| ആകെ | | 4197 |

ചെക്കുകളുടെ കാലാവധി 3 മാസമാണെന്നിരിക്കേ കാലാവധി കഴിഞ്ഞ ചെക്കുകൾ റീവാലിഡേറ്റ് ചെയ്യേണ്ടതും, റീ വാലിഡേഷന് അപേക്ഷ ലഭിക്കാത്ത പക്ഷം പ്രസ്തുത ചെക്കുകൾ തനതു ഫണ്ട് അക്കൗണ്ടിൽ വരവു വെക്കേണ്ടതുമാണ്. ചെക്കുകൾ റീവാലിഡേറ്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കേണ്ടതും, അല്ലാത്തപക്ഷം ചെക്കുകൾ തനത് ഫണ്ടിൽ വരവ് വെച്ച് അറിയിക്കേണ്ടതാണ്.

## 2-3 കെട്ടിട നിർമ്മാണത്തിന് അനുമതി നൽകൽ - രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത

2015-16 വർഷത്തെ കെട്ടിടനിർമ്മാണ പെർമിറ്റ് നൽകലുമായി ബന്ധപ്പെട്ട അപേക്ഷകൾ/ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ വരെയുള്ള വിവരങ്ങൾ കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുണ്ട്. 2015-16 വർഷത്തിൽ ആകെ 164 അപേക്ഷകളാണ് (രജിസ്റ്ററിൽ ക്രമ നം രേഖപ്പെടുത്തിയിട്ടില്ല)ലഭ്യമായിട്ടുള്ളത്. രജിസ്റ്ററുമായി ബന്ധപ്പെട്ട ഏതാനും വിവരങ്ങൾ താഴെ ചേർക്കുന്നു

| | | |
|---|---|---|
| 1 | തീരുമാനങ്ങളൊന്നും രേഖപ്പെടുത്താത്ത അപേക്ഷകളുടെ എണ്ണം | 42 |
| 2 | തറവിസ്തീർണ്ണം രേഖപ്പെടുത്താത്തവ | 7 |
| 3 | വിനിയോഗം, തറവിസ്തീർണ്ണം എന്നിവ രേഖപ്പെടുത്താതെ അപേക്ഷ നം, അപേക്ഷകന്റെ പേര് എന്നിവ മാത്രം രേഖപ്പെടുത്തിയവ (ക്രമ നം 2 കൂടാതെ) | 14 |

പല പേജുകളിലും തീരുമാനമെടുത്തത് സംബന്ധിച്ച രേഖപ്പെടുത്തലുകളൊന്നുമില്ല. അപേക്ഷ സ്വീകരിച്ചുവോ, നിരസിച്ചുവോ, പെർമിറ്റ് നൽകിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ, പെർമിറ്റ് ഫീ, അപേക്ഷാ ഫീ ഈടാക്കിയതിന്റെ രശീതി നമ്പർ, പൂർത്തീകരണം സംബന്ധിച്ച വിശദാംശങ്ങൾ എന്നിവയും എല്ലാ അപേക്ഷകളുടെ കാര്യത്തിലും രേഖപ്പെടുത്തുന്നില്ല. ഇതു കാരണം പെർമിറ്റ് ഫീ ഈടാക്കിയതിന്റെ കൃത്യത, പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നമ്പർ നൽകി നികുതി ചുമത്തുന്നതിന്റെ കൃത്യത എന്നിവ ഉറപ്പു വരുത്താൻ കഴിയുന്നില്ല. ചട്ടപ്രകാരമുള്ള സമയ പരിധിക്കകം പൂർത്തിയാക്കാത്ത കേസുകളിൽ ഇവയുടെ എക്സ്റ്റൻഷൻ, റിന്യൂവൽ എന്നിവ സംബന്ധിച്ച രേഖപ്പെടുത്തലുകളും ഇല്ലാത്തതിനാൽ ഇവയുടെ കൃത്യതയും പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2011 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം അപേക്ഷ ലഭിച്ച തീയതി മുതൽ 30 ദിവസങ്ങൾക്കുള്ളിൽ സെക്രട്ടറി സൈറ്റ്/സർവ്വീസ് പ്ലാൻ അംഗീകരിക്കുകയോ, എന്തെങ്കിലും കാരണങ്ങളാൽ നിരസിക്കുകയാണെങ്കിൽ പ്രസ്തുത വിവരം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. രജിസ്റ്ററിൽ അപേക്ഷ അന്വേഷണ ഉദ്യോഗസ്ഥർക്ക് കൈമാറുന്നതീയതി, അന്വേഷണം കഴിഞ്ഞ് തിരികെ കൈപ്പറ്റുന്ന തീയതി എന്നിവയും രേഖപ്പെടുത്തുന്നില്ല.

രജിസ്റ്ററിൽ 'Number Issued ' എന്ന് രേഖപ്പെടുത്തിയ 10 കെട്ടിടങ്ങളുടെയും വിവരങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉദാ:-

| അപേക്ഷ നം | ഉടമസ്ഥന്റെ പേര് | രേഖപ്പെടുത്തിയ കെട്ടിട നം. |
|---|---|---|
| 3580/15 17.07.15 | ബിന്ദ മൊയിലോത്ത് | V/250A |
| 3969/15 13.08.15 | മേരി കണ്ണൻ കുളത്ത് | IX/349A |
| 853/17.02.16 | രാമോട്ടി, വെട്ടോറേമ്മൽ | II/37 B |

കൂടാതെ, അൺഓതറൈസ്ഡ് കൺസ്ട്രക്ഷൻ രജിസ്റ്റർ , റഗുലറൈസ്ഡ് കൺസ്ട്രക്ഷൻ രജിസ്റ്റർ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ബിറ്റുമിൻ പ്രവൃത്തിക്ക് ബിറ്റുമിന്റെ മാർക്കറ്റ് വിലയേക്കാൾ കൂടുതൽ നിരക്ക് ഉൾപ്പെടുത്തി- പഞ്ചായത്തിന് നഷ്ടം

ഓഡിറ്റ് വർഷം റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ഡൽഹി ഷെഡ്യൂൾ നിരക്കാണ് ബാധകമാക്കിയത്.ഫയൽ പരിശോധിച്ചതിൽ ബിറ്റുമിന്റെ മാർക്കറ്റ് നിരക്കിലുള്ള വില ഷെഡ്യൂൾ നിരക്കിനേക്കാൾ കുറവായതിനാൽ പ്രവൃത്തികൾക്ക് അധികനിരക്ക് അനുവദിച്ചതായി കാണുന്നു.വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

DSRകോഡ് 16.30.1പ്രകാരം റോഡിന്റെ ഉപരിതലത്തിൽ VG-10ബിറ്റുമിൻ ടാക്ക് കോട്ട് ചെയ്യുന്ന പ്രവൃത്തിക്ക് ബിറ്റുമിന്റെ മാർക്കറ്റ് വിലയേക്കാൾ കൂടുതൽ നിരക്ക് നൽകിയിട്ടുണ്ട്. നൽ കിയ നിരക്കും നൽകേണ്ട നിരക്കും താഴെ ചേർക്കുന്നു.11/2015ലെ VG-30,VG-10 ബിറ്റുമിന്റെ നികുതി ഉൾ പ്പെടെയുള്ള മാർക്കറ്റ് വില യഥാക്രമം 33196 രൂപയും 30820 രൂപയുമാണെടുത്തിട്ടുള്ളത്

| വിശദാംശം | യൂണിറ്റ് | അളവ് | നിരക്ക് | നൽകിയ തുക | നൽകേണ്ട തുക |
|---|---|---|---|---|---|
| VG-30ബിറ്റുമിൻ വിനിയോഗിച്ചുള്ള പേവിംഗ് | ടൺ | .075 | 41000 | 3075 | 2090(33196) |
| ബിറ്റുമിൻ കടത്ത്കൂലി | -ടി- | -ടി- | 106.49 | 7.99 | 7.99 |
| സ്റ്റീംകോൾ(steamcoal) | ക്വിന്റൽ | 0.150 | 400 | 60 | 60 |
| സ്റ്റീംകോൾകടത്ത്കൂലി | ടൺ | .015 | 121.70 | 1.83 | 1.83 |
| വൈർ ബ്രഷ് | ഒന്ന് | .050 | 20 | 1 | 1 |
| സോഫ്റ്റ് ബ്രഷ് | -ടി- | .120 | 18 | 2.16 | 2.16 |
| ചാക്കുകൾ | | 7.800 | 1.78 | 13.88 | 13.88 |
| കോൾടാർ സ്പ്രേയർ വാടക | പ്രതിദിനം | .030 | 300 | 9 | 9 |
| പലവക | LS | 9.1 | 1.78 | 16.2 | 16.2 |
| മേറ്റ് | തൊഴിൽദിനം | .060 | 363 | 21.78 | 21.78 |
| ബെൽഡാർ(beldar)ബിറ്റുമിൻ ചൂടാക്കുന്നതിന് | -ടി- | 1.460 | 329 | 480.34 | 480.34 |

| | | | | | |
|---|---|---|---|---|---|
| ബെൽഡാർ(beldar)ടാക്ക് കോട്ട് ചെയ്യുന്നതിന് | -ടി- | .190 | 329 | 62.51 | 62.51 |
| ബെൽഡാർ(beldar) | -ടി- | .470 | 329 | 154.63 | 154.63 |
| | | | ആകെ | 3906.32 | 3321.32 |
| വാട്ടർ ചാർജ്ജ്(1%), കരാറ്കാരന്റെ ലാഭം(10%), ഓവർഹെഡ് ചാർജ്ജ്(5%) | | | | 39.06<br>591.81 | 33.21<br>503.18 |
| 100ചതുരശ്രമീറ്റർ ചെയ്യുന്നതിന് | | | | 4537.19 | 3857.71 |
| 1ചതുരശ്രമീറ്റർ ചെയ്യുന്നതിന് | | | | 45.37 | 38.58 |
| കോസ്റ്റ് ഇൻഡക്സ്(1.3524) | | | | 61.35 | 52.18 |

DSRകോഡ് 16.32.2പ്രകാരം റോഡിന്റെ ഉപരിതലത്തിൽ ബിറ്റുമിൻ ചിപ്പിംഗ് കാർപ്പറ്റ് ചെയ്യുന്ന പ്രവൃത്തിക്ക് ബിറ്റുമിന്റെ മാർക്കറ്റ് വിലയേക്കാൾ കൂടുതൽ നിരക്ക് നൽകിയിട്ടുണ്ട്. നൽകിയ നിരക്കും നൽകേണ്ട നിരക്കും താഴെ ചേർക്കുന്നു.11/2015ലെ VG-30 ബിറ്റുമിന്റെ നികുതി ഉൾപ്പെടെയുള്ള മാർക്കറ്റ് വിലയാണ് എടുത്തിട്ടുള്ളത്.(33196)

| വിശദാംശം | യൂണിറ്റ് | അളവ് | നിരക്ക് | നൽകിയ തുക | നൽകേണ്ട തുക |
|---|---|---|---|---|---|
| VG-30ബിറ്റുമിൻ വിനിയോഗിച്ചുള്ള പേവിംഗ് | ടൺ | .144 | 41000 | 5904 | 4780.22 |
| ബിറ്റുമിൻ കടത്ത്കൂലി | -ടി- | -ടി- | 106.49 | 15.23 | 15.23 |
| സ്റ്റോൺ സ്ക്രീനിംഗ്സ്12.5/<br>13.2mm | ഘനമീറ്റർ | 1.800 | 1250 | 2250 | 2250 |
| സ്റ്റോൺ സ്ക്രീനിംഗ്സ്10/<br>11.2mm | -ടി- | .900 | 1250 | 1125 | 1125 |
| -ടി- കടത്ത്കൂലി | -ടി- | 2.700 | 106.49 | 287.52 | 287.5 |
| സ്റ്റീംകോൾ<br>(steamcoal) | ക്വിന്റൽ | 0.288 | 400 | 115.2 | 115.2 |
| സ്റ്റീംകോൾകടത്ത്കൂലി | ടൺ | .029 | 121.70 | 3.50 | 3.50 |
| വൈർ ബ്രഷ് | ഒന്ന് | .110 | 20 | 2.2 | 2.2 |
| സോഫ്റ്റ് ബ്രഷ് | -ടി- | .320 | 18 | 5.76 | 5.76 |
| ചാക്കുകൾ,ചൂലുകൾ | LS | 6.760 | 1.78 | 12.03 | 12.03 |
| കോൾടാർ ബോയ്ലർ വാടക | പ്രതിദിനം | .130 | 830 | 107.9 | 107.9 |

| | | | | | |
|---|---|---|---|---|---|
| പലവക | LS | 9.490 | 1.78 | 16.89 | 16.89 |
| മേറ്റ് | തൊഴിൽദിനം | .080 | 363 | 29.04 | 29.04 |
| കൂലിബിറ്റുമിൻ ചൂടാക്കുന്നതിന് | -ടി- | 1.400 | 329 | 460.60 | 460.60 |
| ബെൽഡാർ(beldar) | -ടി- | .570 | 329 | 187.53 | 187.53 |
| ബെൽഡാർ(beldar) | -ടി- | 1.400 | 329 | 460.60 | 460.60 |
| ബെൽഡാർ(beldar) | -ടി- | 5 | 329 | 1645 | 1645 |
| മിസ്ത്രി | -ടി- | .190 | 435 | 82.65 | 82.65 |
| ചൗക്കിദാർ | | .270 | 329 | 88.83 | 88.83 |
| ഭിഷ്തി | | .110 | 363 | 39.93 | 39.93 |
| ഡീസൽ റോഡ് റോളർ വാടക | പ്രതിദിനം | .110 | 1500 | 165 | 165 |
| ഡീസൽ ഓയിൽ | ലിറ്റർ | 2 | 55.49 | 110.98 | 110.98 |
| കടത്ത് കൂലി | LS | 2.730 | 1.78 | 4.86 | 4.86 |
| ബിറ്റ്മിൻ മിക്സർ | പ്രതിദിനം | .040 | 4000 | 160 | 160 |
| | | | ആകെ | 13280.35 | 12156.45 |
| വാട്ടർ ചാർജ്ജ്(1%), കരാറ്കാരന്റെ ലാഭം (10%), ഓവർഹെഡ് ചാർജ്ജ്(5%) | | | | 132.80<br>2011.97 | 121.56<br>1841.7 |
| 100ചതുരശ്രമീറ്റർ ചെയ്യുന്നതിന് | | | | 15425.12 | 14119.71 |
| 1ചതുരശ്രമീറ്റർ ചെയ്യുന്നതിന് | | | | 154.25 | 141.20 |
| കോസ്റ്റ് ഇൻഡക്സ് (1.3524) | | | | 208.61 | 190.96 |

DSRകോഡ് 16.41പ്രകാരം ബിറ്റുമിൻ ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട് ചെയ്യുന്ന പ്രവൃത്തിക്ക് ബിറ്റുമിന്റെ മാർക്കറ്റ് വിലയേക്കാൾ കൂടുതൽ നിരക്ക് നൽകിയത് കാരണം നൽകിയ നിരക്കും നൽകേണ്ട നിരക്കും.11/2015ലെ VG-30 ബിറ്റുമിന്റെ നികുതി ഉൾപ്പെടെയുള്ള മാർക്കറ്റ് വിലയാണ് എടുത്തിട്ടുള്ളത്.(33196)

| വിശദാംശം | യൂണിറ്റ് | അളവ് | നിരക്ക് | നൽകിയ തുക | നൽകേണ്ട തുക |
|---|---|---|---|---|---|
| VG-30ബിറ്റുമിൻ വിനിയോഗിച്ചുള്ള പേവിംഗ് | ടൺ | .098 | 41000 | 4018 | 3253.21 |
| ബിറ്റുമിൻ കടത്ത്കൂലി | -ടി- | -ടി- | 106.49 | 10.44 | 10.44 |
| സ്റ്റോൺ എഗ്രഗേറ്റ് .06mm | ഘനമീറ്റർ | .900 | 1140 | 1026 | 1026 |
| -ടി- കടത്ത്കൂലി | -ടി- | .900 | 106.49 | 95.84 | 95.84 |
| സ്റ്റീംകോൾ(steamcoal) | ക്വിന്റൽ | 1.960 | 400 | 784 | 784 |
| സ്റ്റീംകോൾകടത്ത്കൂലി | ടൺ | .196 | 121.70 | 23.85 | 23.85 |
| വൈർ ബ്രഷ് | ഒന്ന് | .050 | 20 | 1 | 1 |

| | | | | | |
|---|---|---|---|---|---|
| സോഫ്റ്റ് ബ്രഷ് | -ടി- | .120 | 18 | 2.16 | 2.16 |
| കോൾടാർ ബോയ്ലർ വാടക | പ്രതിദിനം | .060 | 830 | 49.8 | 49.8 |
| പലവക | LS | 18.20 | 1.78 | 32.40 | 32.40 |
| മേറ്റ് | തൊഴിൽദിനം | .110 | 363 | 39.93 | 39.93 |
| കൂലിബിറ്റുമിൻ ചൂടാക്കുന്നതിന് | -ടി- | 1.400 | 329 | 460.60 | 460.60 |
| ബെൽഡാർ(beldar) | -ടി- | .690 | 329 | 227.01 | 227.01 |
| ബെൽഡാർ(beldar) | -ടി- | 1.400 | 329 | 460.60 | 460.60 |
| ബെൽഡാർ(beldar) | -ടി- | .510 | 329 | 167.79 | 167.79 |
| മേറ്റ് | തൊഴിൽദിനം | .050 | 363 | 18.15 | 18.15 |
| മിസ്ത്രി | -ടി- | .040 | 435 | 17.40 | 17.40 |
| കോൾടാർസ്പ്രേയർവാടക | | .060 | 300 | 18 | 18 |
| ചൗക്കിദാർ | | .150 | 329 | 49.35 | 49.35 |
| ഭിഷ്ടി | | .060 | 363 | 21.78 | 21.78 |
| ഡീസൽ റോഡ് റോളർ വാടക | പ്രതിദിനം | .060 | 1500 | 90 | 90 |
| ഡീസൽ ഓയിൽ | ലിറ്റർ | 1.080 | 55.49 | 59.93 | 59.93 |
| ചാക്കുകൾ,ചൂലുകൾ | LS | 2.730 | 1.78 | 4.86 | 4.86 |
| ബിറ്റ്മിൻ സ്പ്രേയർ | പ്രതിദിനം | .060 | 363 | 21.78 | 21.78 |
| | | | ആകെ | 7700.67 | 6935.88 |
| വാട്ടർ ചാർജ്ജ്(1%), കരാറ്കാരന്റെ ലാഭം+ ഓവർഹെഡ് ചാർജ്ജ്(15%) | | | | 77<br>1166.65 | 69.36<br>1050.79 |
| 100ചതുരശ്രമീറ്റർ ചെയ്യുന്നതിന് | | | | 8944.32 | 8056.03 |
| 1ചതുരശ്രമീറ്റർ ചെയ്യുന്നതിന് | | | | 89.44 | 80.56 |
| കോസ്റ്റ് ഇൻഡക്സ്(1.3524) | | | | 120.96 | 108.95 |

| ക്രമ നം | പ്രവൃത്തിയുടെ പേര്/ എസ്റ്റിമേറ്റ്/ കരാറുകാരന്റെ പേര്/എം.ബുക്ക്/ബിൽ നമ്പർ | ബിറ്റുമെൻ ഉപയോഗിച്ച് ചെയ്ത ഇനവും ഡി.എസ്.ആർ പ്രകാരം നൽകിയ തുകയും | നൽകേണ്ട തുക | അധികം |
|---|---|---|---|---|
| 1 | എസ്റ്റിമേറ്റ് മുക്ക്-എക്കൽ റോഡ് 110/16<br>എസ്റ്റിമേറ്റ് - 2 ലക്ഷം<br>കരാറുകാരൻ- ഇ.കെ.സുമിത്രൻ<br>എം.ബുക്ക് 354/16<br>ബിൽ നമ്പർ -64/ 31.3.16<br>തുക - 197360 | 1) പ്രീമിക്സഡ് ചിപ്പിംഗ് കാർപ്പറ്റ് 289.5 ച.മീ ചതുരശ്ര മീറ്ററിന് 208.61 രൂപ പ്രകാരം 60392.6<br>2) സീൽകോട്ട് 289 ച.മീ. ച.മീറ്ററിന് 117.53 രൂപ നിരക്കിൽ 33966.17 | 289.5x190.96<br>=55282.92<br>289.5x108.95<br>=31486.55 | 5110<br>2480 |
| 2 | നെല്ലിക്കുന്ന് കോളനി റോഡ്<br>പ്രോജക്ട് നം: 78/16<br>എസ്റ്റിമേറ്റ് - 2 ലക്ഷം<br>കരാറുകാരൻ- ഇ.കെ.സുമിത്രൻ<br>എം.ബുക്ക് 352/16<br>ബിൽ നമ്പർ -79/ 31.3.16<br>തുക - 2 ലക്ഷം | 1) പ്രീമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ് 421.16<br>421.16x208.61<br>=87858.19<br>2) സീൽകോട്ട് 421.16 ച.മീ.<br>421.16x120.96 =50943.51 | 421.16x190.96<br>=80424.71<br>421.16x108.95<br>=45885.38 | 7433<br>5058 |

| | | | | |
|---|---|---|---|---|
| | | | | |
| 3 | കോതോട് സ്കൂൾ -തോട്ടക്കാട് റോഡ്<br>പ്രോജക്ട് നം: 61/16<br>എസ്റ്റിമേറ്റ് - 2.5 ലക്ഷം<br>കരാറുകാരൻ- ഇ.കെ.സുമിത്രൻ<br>എം.ബുക്ക് 343/16, 355/16<br>ബിൽ നമ്പർ -75/ 31.3.16<br>തുക - 2 .5ലക്ഷം | 1) VG 30<br>ഉപയോഗിച്ച് ടാക്ക് കോട്ട്<br>387.5 ച.മീ.<br>ചതുരശ്ര മീറ്ററിന് 61.35 രൂപ നിരക്കിൽ 23773.13<br>2) 387.5 പ്രിമിക്സ് ചിപ്പിംഗ് കാർപ്പറ്റ് 208.61 നിരക്കിൽ 80836.38<br>3) സീൽകോട്ട് 387.5 x120.95<br>=46868.13 | 387.5x52.18<br>=20219.75<br>387.5x190.96<br>= 73997<br>387.5x108.95<br>=42218.13 | 3553<br>6839<br>4650 |
| 4 | മണ്ണൂർ സ്കൂൾ റോഡ്<br>പ്രോജക്ട് നം: 120/16<br>കരാറുകാരൻ- റഫീഖ്.കെ.പി<br>എം.ബുക്ക് 328/16<br>ബിൽ നമ്പർ -49/ 26.3.16<br>തുക - 2 ലക്ഷം | 1)450ച.മീ.പ്രിമിക്സ് ചിപ്പിംഗ് കാർപ്പറ്റ് 208.61 നിരക്കിൽ 93874.50<br>2) സീൽകോട്ട് 450 x120.95<br>= 54427.5 | 450x190.96<br>=85932<br>450x108.95<br>= 49027.5 | 7943<br>5400 |
| 5 | കക്കടാരം ബാലവാടി റോഡ്<br>പ്രോജക്ട് നം: 72/16<br>കരാറുകാരൻ- റഫീഖ്.കെ.പി<br>എം.ബുക്ക് 333/16<br>ബിൽ നമ്പർ -57/ 31.3.16<br>തുക - 399661 | 1)ടാക്ക് കോട്ട് 585.ച.മീ 61.35 രൂപ നിരക്കിൽ 35889.75<br>2)പ്രീമിക്സ് ചിപ്പിംഗ് കാർപ്പറ്റ് 585x208.61 =122036.85<br>3) സീൽകോട്ട് 585x120.95<br>= 70755075 | 585x52.18<br>=30525.3<br>585x190.96<br>= 111711.6<br>585x108.95<br>=63735.75 | 5364<br>10325<br>7020 |
| 6 | മുണ്ടക്കുറ്റി -കൊറ്റോം റോഡ്<br>പ്രോജക്ട് നം: 9/16<br>കരാറുകാരൻ- ഇ.കെ.സുമിത്രൻ<br>എം.ബുക്ക് 349/16<br>ബിൽ നമ്പർ -68/ 31.3.16<br>തുക - 3 ലക്ഷം | 1) ടാക്ക് കോട്ട് 475.5x61.35=29176.68<br>2)ചിപ്പിംഗ് കാർപ്പറ്റ് 475.5x208.61=99194.06<br>3) സീൽകോട്ട് 475.5 x120.95<br>=57511.73 | 475.5x52.18<br>=24811.59<br>475.5x190.96<br>=90801.48<br>475.5x108.95<br>= 51805.73 | 4365<br>8393<br>5706 |

| | | | | |
|---|---|---|---|---|
| | | | | |
| 7 | അടുക്കത്ത് സ്കൂൾ-മരുതേരി കുന്ന് റോഡ്<br>പ്രോജക്റ്റ് നം: 18/16<br>കരാറുകാരൻ- എം.കെ.മൊയ്തുഹാജി<br>എം.ബുക്ക് 327/16,329/16<br>ബിൽ നമ്പർ -73/ 31.3.16<br>തുക - 4 ലക്ഷം രൂപ | 1) ടാക്ക് കോട്ട്600x61.35=36810<br>2)ചിപ്പിംഗ് കാർപ്പറ്റ് 600x208.61<br>=125166<br>3) സീൽകോട്ട് 600x120.95<br>=72570 | 600x52.18<br>=31308<br>600x190.96<br>=114576<br>600x108.95<br>= 65370 | 5502<br>10590<br>7200 |
| 8 | അടുക്കത്ത് കല്ലാട് റോഡ്<br>പ്രോജക്റ്റ് നം: 80/15<br>കരാറുകാരൻ- ഇ.കെ.സുമിത്രൻ<br>എം.ബുക്ക് 347/16<br>ബിൽ നമ്പർ -77/ 31.3.16<br>തുക -197293 | 1) ചിപ്പിംഗ് കാർപ്പറ്റ് 388.73x208.61<br>=81092.96<br>2) സീൽകോട്ട് 388.73x120.95<br>=47016 | 388.73x190.96<br>=74231.88<br>388.73x108.95<br>= 42352.13 | 6861<br>4664 |
| 9 | എടക്കോട്ടുമ്മൽ -അക്വഡറ്റ് റോഡ്<br>പ്രോജക്റ്റ് നം: 68/16<br>കരാറുകാരൻ- ഇ.കെ.സുമിത്രൻ<br>എം.ബുക്ക് 331/16<br>ബിൽ നമ്പർ -78/ 31.3.16<br>തുക -299719 | 1.ചിപ്പിംഗ് കാർപ്പറ്റ് 429x61.35=26319.15<br>=89493.69<br>2)ചിപ്പിംഗ് കാർപ്പറ്റ് 429x208.61<br>=89493.69<br>3) സീൽകോട്ട് 429x120.95<br>=51887.55 | 429x52.18<br>=22385.22<br>429x190.96<br>=81921.84<br>429x108.95<br>= 46739.55 | 3934<br>7572<br>5148 |
| 10 | കുരാറ-നാട്ടുകാണി റോഡ്<br>എസ്.ഒ. 71/16<br>കരാറുകാരൻ- രഘുദാസൻ<br>എം.ബുക്ക് 257/15-16<br>258/16<br>ബിൽ നമ്പർ -46/ 26.3.16 തുക -4 ലക്ഷം | 1)ടാക്ക് കോട്ട്323.04x61.35=19818.50<br>ചിപ്പിംഗ് 2)കാർപ്പറ്റ് 323.04x208.61<br>=67389.37<br>2) സീൽകോട്ട് 323.04x120.55<br>=38942.47 | 323.04x52.18<br>=16856.22<br>323.04x190.96<br>=61687.72<br>323.04x108.95<br>= 35195.21 | 2962<br>5702<br>3747 |

| | | | | |
|---|---|---|---|---|
| | | | | |
| 11 | ചരപ്പറമ്പ്-കാപ്പുമ്മൽ മുണ്ടക്കുറ്റി റോഡ്<br>എസ്.ഒ. 70/16<br>കരാറുകാരൻ- സഫീർ.കെ<br>എം.ബുക്ക് 294/15-16<br>ബിൽ നമ്പർ -52/ 26.3.16 തുക -399960 | 1)ടാക്ക് കോട്ട്647.5x61.35=39724.13<br>2)ചിപ്പിംഗ് കാർപ്പറ്റ് 647.5x208.61=135074.98<br>3) സീൽകോട്ട് 647.5x120.95=78315.13 | 647.5x52.18<br>=33786.55<br>647.5x190.96<br>=123646.6<br>647.54x108.95<br>= 70545.13 | 5938<br>11428<br>7770 |
| 12 | പശുക്കടവ്-പൂക്കന്തോട് റോഡ്<br>എസ്.ഒ. 77/16<br>കരാറുകാരൻ- ഇ.കെ.സുമിത്രൻ<br>എം.ബുക്ക് 346/16<br>ബിൽ നമ്പർ -76/ 31.3.16 തുക -198193 | 1)ചിപ്പിംഗ് കാർപ്പറ്റ് 375.6x208.61<br>=78353.91<br>2) സീൽകോട്ട് 375.6x120.96<br>=45432.57 | 375.6x190.96<br>=71724.58<br>375.6x108.95<br>= 40921.62 | 6629<br>4511 |
| 13 | അമാന ഹോസ്പിറ്റൽ -വെട്ടോറ കച്ചേരിതാഴ- റോഡ്<br>എസ്.ഒ. 69/16<br>കരാറുകാരൻ- ഇ.കെ.സുമിത്രൻ<br>എം.ബുക്ക് 345/16<br>ബിൽ നമ്പർ -71/ 31.3.16 തുക -299764 | 1)ചിപ്പിംഗ് കാർപ്പറ്റ് 729x208.61<br>=152076.69<br>2) സീൽകോട്ട് 729x120.95<br>=88172.55 | 729x190.96<br>=139209.84<br>729x108.95<br>= 79424.55 | 12867<br>8748 |
| 14 | പീടികപ്പാറ -എസ്.ടി. കോളനി റോഡ് ടാറിംഗ്<br>എസ്.ഒ. 108/16<br>കരാറുകാരൻ- ഇ.കെ.സുമിത്രൻ<br>എം.ബുക്ക് 342/16<br>ബിൽ നമ്പർ -67/ 31.3.16 തുക -104828 | 1)ചിപ്പിംഗ് കാർപ്പറ്റ് 436.5x208.61<br>=91058.27<br>2) സീൽകോട്ട് 436.5x120.96<br>=52799.04 | 436.5x190.96<br>=83354.04<br>436.5x108.95<br>= 47556.68 | 7704<br>5242 |
| 15 | സെന്റ് മേരീസ്- കൃഷി ഓഫീസ് റോഡ് | 1)ചിപ്പിംഗ് കാർപ്പറ്റ് 352.75x208.61 | 352.75x190.96 | 6226 |

| | | | | |
|---|---|---|---|---|
| | എസ്.ഒ. 79/16<br>കരാറുകാരൻ- ഇ.കെ.സുമിത്രൻ<br>എം.ബുക്ക് 351/16<br>ബിൽ നമ്പർ -65/ 31.3.16 തുക -149970 | =73587.18<br>2) സീൽകോട്ട് 352.75x120.96<br>=42668.64 | =67361.14<br>352.75x108.95<br>= 38432.11 | 4237 |
| 16 | വട്ടക്കൈത-കാഞ്ഞിരക്കണ്ടി റോഡ്<br>എസ്.ഒ. 74/16<br>കരാറുകാരൻ- രഘുദാസൻ<br>എം.ബുക്ക് 324/16,340/16<br>ബിൽ നമ്പർ -51/ 26.3.16 തുക -3 ലക്ഷം രൂപ | 1)ടാക്ക് കോട്ട്<br>440.5x61.35<br>=27024.68<br>2)ചിപ്പിംഗ് കാർപ്പറ്റ് 440.5x208.61<br>=91892.71<br>3) സീൽകോട്ട് 440.5x120.95<br>=53278.48 | 440.5x52.18<br>=22985.29<br>440.5x190.96<br>=84117.88<br>440.5x108.95<br>= 47992.48 | 4039<br>7775<br>5286 |
| 17 | റേഷൻകട-പള്ളിയാങ്കണ്ടി റോഡ് ടാറിംഗ്<br>എസ്.ഒ. 75/16<br>കരാറുകാരൻ- രഘുദാസൻ<br>എം.ബുക്ക് 335/16, 323/16<br>ബിൽ നമ്പർ -54/ 26.3.16 തുക -3 ലക്ഷം രൂപ | 1)ടാക്ക് കോട്ട്<br>272.8x61.35<br>=16736.28<br>2)ചിപ്പിംഗ് കാർപ്പറ്റ് 272.8x208.61<br>=56908.81<br>3) സീൽകോട്ട് 272.8x120.95<br>=32995.16 | 272.8x52.18<br>=14234.70<br>272.8x190.96<br>=52093.88<br>272.8x108.95<br>= 29721.56 | 2502<br>4815<br>3274 |
| | | | | 238878 |

പ്രവൃത്തി ടെൻഡർ ചെയ്യുമ്പോൾ ടാറിന് മാർക്കറ്റ് വില മാത്രമേ അനുവദിക്കു എന്ന് ടെൻഡർ പരസ്യത്തിൽ വ്യക്തമാക്കാത്തതിനാലാണ് ഫൈനൽബിൽ തയ്യാറാക്കുമ്പോൾ എസ്റ്റിമേറ്റ് നിരക്ക് കരാറുകാരന് അനുവദിക്കേണ്ടിവന്നത്. അതിനാൽ മുകളിൽ കാണിച്ച 2,38,878 രൂപ വിവിധ കരാറുകാർക്ക് അധികം അനുവദിക്കാനിടയായി. തുക ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-2 റോഡ് പ്രവൃത്തിക്ക് കരാറുകാർക്ക് പഞ്ചായത്ത് ടാർ വാങ്ങി നൽകി. ടാർ വില തിരികെ ഈടാക്കിയതിൽ കുറവ്, മറ്റ് അപാകതകൾ

എ) 2014-15 വർഷത്തെ സ്പിൽ ഓവർ പ്രവൃത്തികൾക്ക് ഗ്രാമപഞ്ചായത്ത് സിഡ്കോവിൽ നിന്ന് ടാർ വാങ്ങി നൽകിയിട്ടുണ്ട്. ഒരു ബാരൽ ടാറിന് 6311 രൂപ നിരക്കിൽ , 31 ബാരൽ ടാർ 195641 രൂപയ്ക്കും അതിന്റെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് 9450 രൂപയും 3.09% സേവന നികുതിയായ 292 രൂപയും ഉൾപ്പെടെ ആകെ 205383 രൂപയാണ് ഗ്രാമപഞ്ചായത്ത് സിഡ്കോയ്ക്ക് നൽകിയത്. താഴെ കൊടുത്ത 2 മരാമത്ത് പ്രവൃത്തികൾക്ക് ഈ 31 ബാരൽ ടാർ കരാറുകാർക്ക് നൽകി.(ബിറ്റുമെൻ രജിസ്റ്റർ പേജ് 5 കാണുക) വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/എം.ബുക്ക് | കരാറുകാരന്റെ പേര്/ഫൈനൽബിൽ/തുക, പ്രവൃത്തിമൂല്യം | അനുവദിച്ച ടാർ |
|---|---|---|---|
| 1 | മൊയ് ലോത്തറ – കോതോട് റോഡ്<br>പ്രോജക്ട് നമ്പർ:139/15<br>എം.ബുക്ക് 238/14-15 | സണ്ണി എം.എം<br>ബിൽ നമ്പർ: 4/15-16തീയതി: 28.07.15<br>തുക 148709<br>പ്രവൃത്തിമൂല്യം: 230000 | 12 |
| 2 | ചെക്കുറ-മുള്ളൻകുന്ന് റോഡ്<br>പ്രോജക്ട് നം. 61/15<br>പ്രവൃത്തിമൂല്യം - 3.5 ലക്ഷം | എൻ.പി.അശോകൻ<br>ബിൽ നം.1/24.7.15<br>തുക: 221289 | 19 |

മേൽ രണ്ട് പ്രവൃത്തികളുടെ ഫൈനൽബില്ലിൽ നിന്നും അനുവദിച്ച ടാറിന്റെ സിഡ്കോ വിലയാണ് (ഒരു ബാരലിന് 6625.26 നിരക്കിൽ) കുറവ് ചെയ്തത്. ഇപ്രകാരം ആദ്യ പ്രവൃത്തിക്ക് 12 ബാരൽ ടാറിന് 79503 രൂപയും (6625.26 x 12) രണ്ടാമത്തെ പ്രവൃത്തിക്ക് 125880 രൂപയും (6625.26 x 19=125879.94) ആണ് ഫൈനൽബില്ലിൽ കുറവ് ചെയ്തത്.

മേൽ പ്രവൃത്തികളിൽ ടാർ ഉപയോഗിച്ച് 3 ഇനങ്ങൾ ആണ് കരാറുകാരൻ ചെയ്തത്. 36 ഘനമീറ്റർ മെറ്റൽ ഉപയോഗിച്ച് പോട്ട് ഹോൾ ഫില്ലിംഗും, ഒരു പ്രീമിക്സഡ് ലെവലിംഗ് കോഴ്സും അതിന് മുകളിൽ ടാറിംഗും ഇതിന് 212 ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം ഒരു ടൺ ടാറിന് 44058 രൂപയും അതിന്റെ കടത്ത് കൂലിയായ ഒരു ടണ്ണിന് 323 രൂപയും ഉൾപ്പെടുന്ന നിരക്കാണ് അനുവദിച്ചത്. അതായത് ഷെഡ്യൂൾ നിരക്ക് പ്രകാരം ഒരു ടൺ ടാറിന് 44381 രൂപയായും(44058+323) അതായത് ഒരു ബാരൽ ടാറിന് 6923.44 രൂപയായും ((44381 x 156)/100 = 6923.44). അതിനാൽ ടാർ അനുവദിച്ചത് മൂലം കരാറുകാരന്റെ ഫൈനൽ ബില്ലിൽ നിന്നും ടാർ വില ഈടാക്കിയതിൽ കുറവ് താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/കരാറുകാരന്റെ പേര | അനുവദിച്ച ടാർ | ഈടാക്കിയ വില | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|
| 1 | മൊയിലോത്തറ-കോതോട് റോഡ്<br>സണ്ണി എം.എം | 12 | 79503 | 83081.28<br>(12x 6923.44) | 3578 |
| 2 | ചേക്കുറ-മാള്ളൻകുന്ന് റോഡ്<br>എൻ.പി.അശോകൻ | 19 | 125880 | 131545.36<br>(19x 6923.44) | 5665 |
| | | | | | 9243 |

ഫൈനൽബില്ലിൽ നിന്നും തിരികെ ഈടാക്കിയതിൽ കുറവ് വന്ന തുക ഉത്തരവാദിയായവരിൽ നിന്നീടാക്കേണ്ടതാണ്.

ബി) ചേക്കുറ-മാള്ളൻകുന്ന് റോഡ് പ്രവൃത്തിയുടെ ഫൈനൽബിൽ/എം.ബുക്ക് (244/14-15) കാണുക. ക്രമ നമ്പർ 4,5,6 എന്നിവയായി താഴെ കൊടുത്ത പ്രവൃത്തികളാണ് ചെയ്തത്. അതിന് ആവശ്യമായ ടാറിന്റെ അളവും കൊടുക്കുന്നു.

| ഇനം | ചെയ്ത പ്രവൃത്തി | ചെയ്ത അളവ് | ആവശ്യമായ ടാർ |
|---|---|---|---|
| 4 | 36 ഘ.മീറ്റർ മെറ്റൽ ഉപയോഗിച്ച് പോട്ട്ഹോൾ ഫില്ലിംഗിന് ആവശ്യമായ ടാർ ഒരു ഘ.മീറ്ററിന് 27.5 കി.ഗ്രാം. | 20.48 ഘ.മീ | 563.2 (27.5x 20.48) |
| 5 | പ്രീമിക്സഡ് ലെവലിംഗ് കോഴ്സ് ഒരു ഘ.മീറ്ററിന് 48 കി.ഗ്രാം | 2.17 ഘ.മീ. | 104.16 (2.17x 48) |
| 6 | പ്രീമിക്സഡ് ചിപ്പിംഗ് കാർപ്പറ്റ് (ഒരു ച.മീ 2.66 കി.ഗ്രാം) | 921.92 ച.മീ | 2452.30 (921.92x2.66) |
| | | ആകെ | 3119.66 കി.ഗ്രാം |

ഈ മൂന്ന് ഇനം പ്രവൃത്തികൾ ചെയ്യാൻ3119.67 കി.ഗ്രാം ടാർ ആവശ്യമാണ്. അതായത് 20 ബാരൽ ടാർ (3119.67 /156=20) എന്നാൽ 19 ബാരൽ ടാർ മാത്രമാണ് ഗ്രാമപഞ്ചായത്ത് കരാറുകാരന് അനുവദിച്ചത്. അവശേഷിക്കുന്ന ഒരു ബാരൽ ടാർ കരാറുകാരൻ വിലകൊടുത്ത് വാങ്ങിയതിന്റെ രേഖകൾ ഫയലിലില്ല. അതിനാൽ ടാർ ഉപയോഗിച്ച് അവസാനം ചെയ്ത പ്രീമിക്സഡ് ചിപ്പിംഗ് കാർപ്പറ്റിന് ആവശ്യമായ ടാറിനേക്കാൾ ഒരു ബാരൽ കുറവായിരിക്കും. അതായത് ഇതിന് ആവശ്യമായ ടാർ 245.3 കി.ഗ്രാം ആയിരിക്കെ 2296.3 കി.ഗ്രാം ടാർ ഉപയോഗിച്ചായിരിക്കും പ്രസ്തുത പ്രവൃത്തി ചെയ്യാൻ സാദ്ധ്യത. അങ്ങനെയാണെങ്കിൽ ഈ പ്രവൃത്തിയുടെ ഗുണനിലവാരം മോശമായിരിക്കും. അല്ലാത്ത സാഹചര്യത്തിൽ ഒരു ബാരൽ ടാർ കുറച്ച് 2296.3 കി.ഗ്രാം ടാർ ഉപയോഗിച്ച് 863.27 ച.മീറ്റർ ടാറിംഗ് പ്രവൃത്തിയേ ചെയ്യാനാകൂ. (2296.3/2.66 = 863.27) ഇനം 6,921.92 ച.മീറ്റർ ചെയ്തതിന് കരാറുകാരന്, ഒരു ച.മീറ്ററിന് 188.2 രൂപ നിരക്കിൽ 173505.3(921.92 x188.2 = 173505.3) രൂപ അനുദിച്ചിട്ടുണ്ട്. എന്നാൽ 863.27 ച.മീ.ചെയ്യാൻ 162467.41 രൂപയ്ക്ക് മാത്രമേ കരാറുകാരന് അർഹതയുള്ളൂ. ഇക്കാര്യത്തിൽ വ്യക്തമായ മറുപടി നൽകേണ്ടതാണ്.

## 3-3 ഗ്രാനുലാർ സബ് ബേസ് ഉണ്ടാക്കുവാൻ ക്വാറിമക്ക് ഉപയോഗിച്ച് ഫില്ലിംഗ് ചെയ്യുന്നു. സ്പെസിഫിക്കേഷന് വിരുദ്ധം

ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവൃത്തികളിൽ ഗ്രാനുലാർ സബ് ബേസ് ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ, മണ്ണ് ഫിൽ ചെയ്ത് ഉറപ്പിച്ചതിന് മുകളിൽ 10 സെ.മീ.കനത്തിൽ ക്വാറിമക്ക് ഉപയോഗിച്ച് ഫില്ലിംഗ് പ്രവൃത്തി ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ്എഞ്ചിനീയരുടെ 16.1.2012 ലെ ഡി-ബി4-7462/2012/സി.ഇ.തസ്വഭവ കത്തിൽ റോഡിന്റെ വെള്ളക്കെട്ടുള്ള ഭാഗത്ത് മണ്ണിന്റെ ഘടനയ്ക്ക് അനുസരിച്ച് സബ് ബേസ് ബലപ്പെടുത്തേണ്ടതാണ് എന്നും, സബ് ഗ്രേഡ് സോയിലിന്റെ ബിയറിംഗ് കപ്പാസിറ്റി കുറവാണെങ്കിൽ ആയത് ബലപ്പെടുത്തണമെന്നും വ്യക്തമാക്കുന്നു. ക്ലെ സോയിൽ ആണെങ്കിൽ ആയത് നീക്കം ചെയ്ത് ഗ്രാനുലാർ സോയിൽ നിറക്കേണ്ടതാണ്. ഗ്രാനുലാർ സബ് ബേസ് ഉപയോഗിക്കുകയാണെങ്കിൽ കോംപാക്ടും, കൺസോളിഡേറ്റഡ് ആയ സബ് ബേസ് ലഭിക്കുന്നതാണ് എന്ന് വ്യക്തമാക്കുന്നു. ഇതെല്ലാം ഐ.ആർ.സി സ്പെസിഫിക്കേഷന് അനുസരിച്ചായിരിക്കണം നടത്തേണ്ടതെന്നും, സ്പെസിഫിക്കേഷനിലെ ന്യൂനതകൾ ഗുരുതരമായി കണക്കാക്കപ്പെടുമെന്നും വ്യക്തമാക്കുന്നു. എന്നാൽ ഐ.ആർ.സി.സ്പെസിഫിക്കേഷനിൽ ക്വാറിമക്ക് ഫില്ലിംഗ് നല്ല ഒരു ഗ്രാനുലാർ സബ് ബേസ് അല്ല. സ്പെസിഫിക്കേന് വിരുദ്ധമായി പ്രവൃത്തി ചെയ്തതിന് വിശദീകരണം നൽകേണ്ടതാണ്. ക്വാറിമക്ക് ഫിൽ ചെയ്തതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/ പ്രോജക്ട് നമ്പർ/എം.ബുക്ക്/ കരാറുകാരന്റെ പേര്/ബിൽ നമ്പർ | ചെയ്ത ഇനം / അളവ് | അനുവദിച്ച തുക |
|---|---|---|---|
| 1 | അട്ടക്കത്ത് -പോസ്റ്റ് ഓഫീസ് റോഡ്<br>പ്രോജക്ട് നം: 178/16<br>കരാറുകാരൻ- ഇ.കെ.സുമിത്രൻ<br>എം.ബുക്ക് 297/15-16<br>ബിൽ നമ്പർ -45/ 26.3.16<br>തുക - 399960 | 3/20.19ഘ.മീ | 20.19x1224.17<br>=24715.99 |
| 2 | കോറ്റോം-ചീനവേലി റോഡ്<br>പ്രോജക്ട് നം: 67/16<br>കരാറുകാരൻ- എം.കെ.മൊയ്തുഹാജി<br>എം.ബുക്ക് 161/15-16<br>ബിൽ നമ്പർ -29/ 26.2.16<br>തുക - 399960 | 3/17.05ഘ.മീ | 17.05x1224.17<br>= 20872.10 |
| 3 | സെമിത്തേരി മുക്ക് റോഡ്<br>പ്രോജക്ട് നം: 124/16<br>കരാറുകാരൻ- സി.പി.അബ്ദുൾ ഖാദർ<br>എം.ബുക്ക് 292/15-16<br>ബിൽ നമ്പർ -38/ 16.3.16 തുക -24456<br>" 59/31.3.16 275544 | 6/68.64ഘ.മീ | 68.64x1224.17<br>= 84027.03 |
| 4 | കുരാറ-നാട്ടുകാണി റോഡ്<br>എസ്.ഒ. 71/16<br>കരാറുകാരൻ- രഘുദാസൻ<br>എം.ബുക്ക് 257/15-16<br>ബിൽ നമ്പർ -46/ 26.3.16 തുക -1 ലക്ഷം | 2/45.28ഘ.മീ | 45.28x1224.17<br>= 55430.42 |
| 5 | പുനത്തിൽ -കള്ളാട് റോഡ്<br>എസ്.ഒ. 168/16<br>കരാറുകാരൻ- ഇ.കെ.സുമിത്രൻ<br>എം.ബുക്ക് 155/15-16<br>വൗച്ചർ നമ്പർ -21500604/ 27.10.16 | 1എ /32.36ഘ.മീ | 32.36x937 = 30321.32<br>2012 ലെ ഷെഡ്യൂൾ നിരക്ക് |

| | | | |
|---|---|---|---|
| | തുക -192562 | | |
| 6 | ചരപ്പറമ്പത്ത് -മുണ്ടക്കുറ്റി-കാപ്പുമ്മൽ റോഡ്<br>എസ്.ഒ. 152/15<br>കൺവീനർ- കക്കട്ടിൽ ചന്ദ്രൻ<br>എം.ബുക്ക് 248/14-15<br>ബിൽ നമ്പർ -2/ 23.07.15 തുക -3.5 ലക്ഷം | 5 /72ഘ.മീ | 72x815 = 58680 |
| 7 | ചരപ്പറമ്പത്ത് -ലക്ഷംവീട് റോഡ്<br>എസ്.ഒ. 60/16<br>കരാറുകാരൻ- രഘുദാസൻ<br>എം.ബുക്ക് 157/15-16<br>ബിൽ നമ്പർ -36/ 14.2.16 തുക -199980 | 2 /11.36ഘ.മീ | 11.36x1224.17 = 13906.57 |
| 8 | കക്കുഴിയുള്ള കുന്ന്-മാമ്പിലാട് റോഡ്<br>എസ്.ഒ. 63/16<br>കരാറുകാരൻ- രഘുദാസൻ<br>എം.ബുക്ക് 255/15-16<br>ബിൽ നമ്പർ -26/ 26.2.16 തുക 299970 | 6/63.33 ഘ.മീ | 63.33x1224.17<br>= 77526.69 |
| 9 | രാമഞ്ചി-പാറഭാഗം റോഡ്<br>എസ്.ഒ. 8/16<br>കരാറുകാരൻ- ഇ.കെ.സുമിത്രൻ<br>എം.ബുക്ക് 259/15-16<br>ബിൽ നമ്പർ -36/ 23.3.16 തുക 299016 | 4/24.14 ഘ.മീ | 24.14x1224.17<br>= 29551.46 |
| 10 | പൈക്കാട്ടുമ്മൽ -സ്കൂൾ റോഡ്<br>എസ്.ഒ. 119/16<br>കരാറുകാരൻ- ഇ.കെ.സുമിത്രൻ<br>എം.ബുക്ക് 252/15-16<br>ബിൽ നമ്പർ -44/ 26.3.16 തുക 299940 | 9/36.99 ഘ.മീ | 36.99x1224.17<br>=45282.05 |
| 11 | മമ്പിലാട് -കോതോട് റോഡ് സൈഡ്കെട്ടൽ<br>എസ്.ഒ. 163/16 | 6/63.75 ഘ.മീ | 63.75x937<br>=59733.75 |

| | | | |
|---|---|---|---|
| | കരാറുകാരൻ- രഘുദാസൻ<br>എം.ബുക്ക് 151/15-16<br>ബിൽ നമ്പർ -12/ 28.12.15തുക 394023 | | |
| 12 | മൊയ് ലോത്തറ-ഉറവ്ക്കുണ്ട് റോഡ് സൈഡ്കെട്ടൽ<br>എസ്.ഒ. 73/16<br>കരാറുകാരൻ- എം.കെ.മൊയ്തുഹാജി<br>എം.ബുക്ക് 300/15-16<br>ബിൽ നമ്പർ -38/ 23.3.16തുക 294783 | 2/38.42 ഘ.മീ | 38.42x1224.17<br>=47032.61 |
| 13 | കോതോട് -മാമ്പിലാട് -കക്കുഴിയുള്ള കുന്ന് റോഡ്<br>എസ്.ഒ. 186/16<br>കൺവീനർ- എം.കെ.വിജയൻ<br>എം.ബുക്ക് 321/15-16<br>ബിൽ നമ്പർ -63/ 31.3.16തുക 3 ലക്ഷം | 2/19.38 ഘ.മീ | 19.38x1064.58<br>=20631 |
| 14 | മുള്ളൻകുന്ന് -ഉറവുകുണ്ട് റോഡ്<br>എസ്.ഒ. 116/16<br>കരാറുകാരൻ- ഇ.കെ.സുമിത്രൻ<br>എം.ബുക്ക് 326/16<br>ബിൽ നമ്പർ -47/ 26.3.16തുക 294476 | 3/34.56ഘ.മീ | 34.56x1224.17<br>=42307.31 |
| 15 | ചീളുപറമ്പത്ത് -പൊറ്റക്കര റോഡ്<br>എസ്.ഒ. 76/16<br>കരാറുകാരൻ- എൻ.പി.അശോകൻ<br>എം.ബുക്ക് 165/15-16<br>ബിൽ നമ്പർ -28/ 26.2.16തുക | 2/31.69ഘ.മീ | 31.69x1224.17<br>= 38793.95 |
| 16 | പൂന്നക്കയം-നെട്ടവാല് റോഡ്<br>എസ്.ഒ. 125/16<br>കരാറുകാരൻ- രഘുദാസൻ<br>എം.ബുക്ക് 256/15-16<br>ബിൽ നമ്പർ -30/ 26.2.16തുക 199413 | 3/15.81ഘ.മീ | 15.81x1224.17<br>= 19354.13 |

| | | | |
|---|---|---|---|
| | ആകെ | | 668166.38 |

ഇത്തരത്തിൽ സ്പെസിഫിക്കേന് വിരുദ്ധമായി പ്രവൃത്തി ചെയ്തതിനാൽ ഗ്രാമപഞ്ചായത്തിന് 668166 രൂപ അധികച്ചെലവുണ്ടായി. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-4 വിവിധ റോഡ് പ്രവൃത്തികൾ - സിമന്റ് കോൺക്രീറ്റിന് അധികനിരക്ക് അനുവദിച്ചു

2015-16 വർഷം പൂർത്തിയാക്കിയ താഴെ കൊടുത്ത റോഡ് പ്രവൃത്തിയിൽ ഒരിനം 1:2:4 അനുപാതത്തിൽ 20 മി.മീ മെറ്റൽ ഉപയോഗിച്ച് കോൺക്രീറ്റ് ആണ്. ഇതിന് ഒരു ഘനമീറ്ററിന് 7788.74 രൂപയാണ് അനുവദിച്ചത്. ഡൽഹി ഷെഡ്യൂൾ നിരക്ക് 2014 പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിന് നാദാപുരത്തിന്റെ കോസ്റ്റ് ഇൻഡക്സായ 1.3524 ഉൾപ്പെടെയാണ് നിരക്ക് കണക്കാക്കിയത്. റോഡ് കോൺക്രീറ്റിന് എടുക്കേണ്ട ഡി.എസ്.ആർ കോഡ് 4.1.3 ന് പകരം ഫ്ലോറിംഗിന് ഉപയോഗിക്കുന്ന കോഡ് 11.7 എടുത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാലാണ് മേൽ കാണിച്ച നിരക്ക് കരാറുകാർക്ക് അനുവദിക്കാനിടയായത്. കോഡ് 4.1.3 പ്രകാരമുള്ള നിരക്ക് അനുവദിച്ചാൽ ഒരു ഘനമീറ്ററിന് 5466.3 രൂപയും അതിന്റെ 1.3524 കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ 7392.62 രൂപയ്ക്ക് മാത്രമേ കരാറുകാരന് അർഹതയുള്ളൂ. നിരക്ക് അധികം നൽകിയതിലൂടെ ഈ ഇനത്തിന് അധികം നൽകിയ തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/ പ്രോജക്ട്നം./എം. ബുക്ക്/ കരാറുകാരന്റെ പേര്/ബിൽ നമ്പർ,തുക | ചെയ്ത ഇനം/വോള്യം | അനുവദിച്ച തുക | അനുവദിക്കേണ്ട തുക | അധികം |
|---|---|---|---|---|---|
| 1 | അടുക്കത്ത്-പോസ്റ്റ് ഓഫീസ് റോഡ്<br>എസ്റ്റിമേറ്റ് - 2 ലക്ഷം<br>കരാറുകാരൻ- ഇ.കെ.സുമിത്രൻ<br>എം.ബുക്ക് 297/ 15-16<br>ബിൽ നമ്പർ -45/ 26.3.16<br>തുക - 399960 | 5/22.66 | 22.66x7788.74<br>=176492.84 | 22.66x7392.62=167516.77 | 8976 |
| 2 | വെട്ടോറ വെള്ളടാങ്ക് റോഡ്<br>പ്രോജക്ട് നം.58/16<br>കരാറുകാരൻ- ഇ.കെ.സുമിത്രൻ<br>എം.ബുക്ക് 325/ 16<br>ബിൽ നമ്പർ -58/ 31.3.16<br>തുക - 263554<br>ബിൽ 60/31.3.16 തുക 184351 | 3/28.86 | 28.86x7788.74<br>=224783.04 | 28.86x7392.62<br>=213351 | 11432 |
| 3 | സെമിത്തേരിമുക്ക് സോളിം ഗ്<br>പ്രോജക്ട് നം. 124/16<br>കരാറുകാരൻ- സി.പി.അബ്ദുൾ ഖാദർ<br>എം.ബുക്ക് 292/ 16 | 8/11.08 | 11.08x7788.77<br>=86299.57 | 11.08x7392.62<br>=81910.23 | 4389 |

| | | | | | |
|---|---|---|---|---|---|
| | ബിൽ നമ്പർ -38/ 1.3.16തുക - 263554<br>ബിൽ 59/31.3.16 തുക 275544 | | | | |
| 4 | ചാലക്കണ്ടി-പൂക്കാടൻമുക്ക് റോഡ്<br>പ്രോജക്ട് നം. 62/16<br>കരാറുകാരൻ-സി.പി.അബ്ദുൾ ഖാദർ<br>എം.ബുക്ക് നമ്പറില്ല<br>ബിൽ നമ്പർ -31/ 29.2.16തുക - 2 ലക്ഷം | 3/11.78 | 11.78x7788.77<br>=91751.71 | 11.78x7392.62<br>=87085.06 | 4667 |
| | ആകെ | | | | 29464 |

ബി) ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ് 28.9.15 ന് കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി/സൂപ്രണ്ടിംഗ് എഞ്ചിനീയർ എന്നിവർക്ക് അയച്ച ഡി.ബി4-9099/2015/സി.ഇ/തസ്വഭവ നമ്പർ കത്തിൽ, ചെറിയ റോഡ് പ്രവൃത്തികൾ അടിയന്തിര മായി ചെയ്യേണ്ടുന്ന പക്ഷം ഡി.എസ്.ആർ.കോഡ് 16.42 പ്രകാരം സി.സി 1:2:4 ചെയ്യാമെന്നും അല്ലാത്തപക്ഷം വാഹനഗതാഗതം ഉള്ള പാരകൾക്ക് സി.സി 1:4:8 ന് 10 മുതൽ 15 സെന്റീ മീറ്റർ വരെ ഘനത്തിലും 1:2:4 5 മുതൽ 7.5 സെന്റീമീറ്റർ വരെ ഘനത്തിലുമാണ് ചെയ്യേണ്ടത് എന്ന് വ്യക്തമാക്കുന്നു. എന്നാൽ മേൽ കാണിച്ച റോഡ് പ്രവൃത്തികളിൽ 1:2:4 പരമാവധി ഘനമായ 7.5 സെ.മീറ്ററിൽ ആണ് ചെയ്തത്. വാഹന ബാഹുല്യത്തിന് അനുസൃതമായിരിക്കണം 1:2:4 ന്റെ ഘനത്തിലുള്ള വ്യതിയാനമെന്ന് ചീഫ് എഞ്ചിനീയർ വ്യക്തമാക്കിയ സാഹചര്യത്തിൽ ഇവിടെ പരമാവധി ഘനത്തിൽ കോൺക്രീറ്റ് ചെയ്യാനിടയായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## 3-5 <u>പ്രവൃത്തിയുടെ എം.ബുക്കിൽ തിരുത്തൽ വരുത്തി, പ്രവൃത്തിക്ക് ആവശ്യമായ മെറ്റീരിയൽ സ്റ്റാക്ക് ചെയ്തതായി രേഖപ്പെടുത്തൽ</u>

താഴെ കൊടുത്ത മരാമത്ത് പ്രവൃത്തിയിൽ ഒരിനം 63 മി.മീ മുതൽ 45 മി.മീ വരെ വലുപ്പത്തിലുള്ള കല്ല് സ്റ്റാക്ക് ചെയ്യലാണ്. ഇതിന് ഡി.എസ്.ആർ കോഡ് 16.3.2 പ്രകാരം 1348.2 രൂപയും അതിന്റെ 1.3524 കോസ്റ്റ് ഇൻഡക്സും ഉൾപ്പെടെ ഒരു ഘനമീറ്ററിന് 1823.31 രൂപ കരാറുകാർക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ കല്ല് സ്റ്റാക്ക് ചെയ്ത് അളന്ന് എം.ബുക്കിൽ രേഖപ്പെടുത്തിയതിൽ, 7.5% വോയ്ഡ്സ് കുറവ് ചെയ്തിട്ടില്ല. തുടർന്ന് 7.5% വോയ്ഡ്സ് കുറയ്ക്കുവാൻ അളവ് രേഖപ്പെടുത്തിയത് വെട്ടി തിരുത്തി, സ്റ്റാക്ക് ചെയ്ത അളവ് വർദ്ധിപ്പിച്ച്, അതിൽ നിന്ന് വോയ്ഡ്സ് കുറച്ച്, മെറ്റലിംഗിന് ആവശ്യമായ മെറ്റീരിയലിലേയ്ക്ക് എത്തിച്ചതായി എം.ബുക്ക് പരിശോധിച്ചതിൽ കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/ എം. ബുക്ക് നം/ കരാറുകാരന്റെ പേര്/ബിൽ നമ്പർ | ആദ്യം സ്റ്റാക്ക് ചെയ്ത അളവ് എം.ബുക്ക് പേജ് | വെട്ടിത്തിരുത്തിയ അളവ് | മെറ്റലിംഗിന് ആവശ്യമായ ആഡിക്വസി പ്രകാരം ഫൈനൽബില്ലിൽ അനുവദിച്ചത് | അധികം അനുവദിച്ച തുക |
|---|---|---|---|---|---|
| 1 | കോറ്റോം-ചിലവേലി റോഡ്<br>കരാറുകാരൻ-<br>സി.പി.അബ്ദുൾ ഖാദർ<br>എം.ബുക്ക് നം; 161/15-16<br>ബിൽ നമ്പർ -29/ 26.2.16<br>തുക - 199413 | 53.29<br>വോയ്ഡ്സ് കുറച്ച് 49.3<br>(പേജ്6 കാണുക) | 56.99<br>വോയ്ഡ്സ് കുറച്ച് 52.72 | 43.3x0.091<br>0.075<br>= 52.53 | 52.53-49.3=3.23<br>3.23x182331=5889 |
| 2 | ചപ്പാരത്തെ നട-മുണ്ടവയൽ നീറ്റിക്കോട്ട റോഡ്<br>പ്രോജക്ട് നം. 62/16<br>കരാറുകാരൻ-<br>രഘുദാസൻ<br>എം.ബുക്ക് നം. 316/14<br>വൗച്ചർ നമ്പർ -21500730/4.3.16 | 71.21<br>വോയ്ഡ്സ് കുറച്ച് 65.87<br>(പേജ് 6 കാണുക) | 75.96<br>വോയ്ഡ്സ് കുറച്ച് 70.27 | 57.79x0.091<br>0.075<br>=70.11 | 70.11-65.87<br>=4.24<br>4.24x1823.31=7731 |
| | | | | ആകെ | 13620 |

63 മി.മീറ്റർ മെറ്റലിന് അധികം അനുവദിച്ച തുക ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-6 കൊല്ലിയിൽ കുടിവെള്ള പദ്ധതി - ഗുണഭോക്തൃ കമ്മിറ്റി എന്ന വ്യാജേന കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ചു

പ്രോജക്ട് നമ്പർ - എസ്.ഒ.167/16

എസ്റ്റിമേറ്റ് - 111218 രൂപ

കൺവീനർ - ടോം കട്ടക്കയം ഒന്നാം പാർട്ട് ബിൽ നം. 69/31.3.16 6 ലക്ഷം രൂപ

70/31.3.16 87849 രൂപ

എം.ബുക്ക് - 254/15-16

ലോകബാങ്ക് ധനസഹായം ( 6 ലക്ഷം രൂപ), ധനകാര്യ കമ്മീഷൻ ഗ്രാന്റ് (1.5 ലക്ഷം രൂപ), തനത് ഫണ്ട് (362181 രൂപ) എന്നിവ ഉൾപ്പെടുത്തി 1112181 രൂപ അടങ്കലിൽ തയ്യാറാക്കിയ ഈ പദ്ധതിയ്ക്ക് താഴെ കൊടുത്ത പ്രകാരമാണ് തുക വകയിരുത്തിയത്.

| | |
|---|---|
| പൈപ്പ് ലേയിംഗ് | 321550 |
| പമ്പ് റൂം | 60143 |

| | |
|---|---|
| ടാങ്ക് ഫിക്സ് ചെയ്യാൻ പ്ലാറ്റ് ഫോം നിർമ്മാണം | 361423 |
| 7.5 എച്ച്.പി മോട്ടോർ | 75000 |
| പാനൽ ബോർഡ് | 45000 |
| ഇലക്ട്രിക് കണക്ഷൻ | 65000 |
| കെ.എസ്.ഇ.ബി ഡെപ്പോസിറ്റ്, മറ്റ് ചെലവുകൾ | 184065 |
| | 1112181 |

പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകത കാണുന്നു.

1) 28.9.15 ന് ചേർന്ന കുടിവെള്ള പദ്ധതിയുടെ ഗുണഭോക്തൃ യോഗത്തിൽ ശ്രീ.ടോം കട്ടക്കയത്തിനെ കൺവീനറായി തെരഞ്ഞെടുത്തിട്ടുണ്ട്. വാണിജ്യനികുതി വകുപ്പിന്റെ ഫോറം 1 ഇ പ്രകാരം ശ്രീ.ടോം കട്ടക്കയം, ടിൻ നമ്പർ 32111545061 പ്രകാരം വർക്ക്സ് കോൺട്രാക്ട് ഏറ്റെടുക്കുന്ന വ്യക്തിയാണെന്ന് (കരാറുകാരനാണെന്ന്) കാണുന്നു. ടിയാൻ പ്രവൃത്തി കോംപൗണ്ട് നികുതി ഈടാക്കിയാൽ മതിയെന്ന ഫോറം 1 ഇ -യിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇതിൽ നിന്നും ഈ പ്രവൃത്തിയുടെ കൺവീനർ കരാറുകാരനാണെന്ന് വ്യക്തമായിട്ടുണ്ട്. കൊല്ലിയിൽ വാട്ടർ സപ്ലൈ പൈപ്പ് ലൈൻ പദ്ധതിയുടെ സ്കെച്ചിൽ ഒരിടത്തും കൺവീനറുടെ വീട് രേഖപ്പെടുത്തിയിട്ടില്ല. ഇതിൽ നിന്നും കൺവീനർ എന്ന നിലയ്ക്ക് കരാറുകാരന് ബിനാമിയായി പ്രവൃത്തി ഏൽപ്പിച്ചതായി കാണുന്നു. അതിനാൽ പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും കരാറുകാരനിൽ നിന്നീടാക്കേണ്ട എല്ലാ നിയമാനുസൃത നികുതിയും ഈടാക്കിയിട്ട് മാത്രമേ ബിൽ അനുവദിക്കാവൂ. കൂടാതെ 1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ ചട്ടം 13 പ്രകാരം ഗുണഭോക്തൃ സമിതി വഴി നടപ്പാക്കുന്ന പ്രവൃത്തിയിൽ യാതൊരു കാരണവശാലും ബിനാമി യായി കരാറുകാരൻ പണി ഏറ്റെടുത്ത് നടത്തരുത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

2) 13.11.2014 ലെ സർക്കുലർ നമ്പർ 1/1559/2010 /സി..ഇ/തസ്വഭവ പ്രകാരം മരാമത്ത് പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേന എന്ന സർക്കുലറിൽ കൺവീനറുടേയും ചെയർമാന്റേയും പേരിൽ സ്ഥലത്തെ ഒരു അംഗീകൃത ബാങ്കിൽ അക്കൗണ്ട് ആരംഭിച്ച് പ്രസ്തുത അക്കൗണ്ടിൽ കൂടി മാത്രമേ പണമിടപാട് നടത്താൻ പാടുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിക്ക് അപ്രകാരം ബാങ്ക് അക്കൗണ്ട് ആരംഭിച്ചതായി ഫയലിൽ കാണുന്നില്ല.

3) ഒന്നാം പാർട്ട് ബിൽ പ്രകാരം പൈപ്പ് ലേയിംഗ്, പമ്പ് റൂം, ടാങ്ക് ഫിക്സ് ചെയ്യാൻ പ്ലാറ്റ്ഫോം നിർമ്മാണം എന്നിവയാണ് ചെയ്തത്. തുടർ പ്രവൃത്തികൾ ചെയ്തതായി കാണുന്നില്ല. കുടിവെള്ള പദ്ധതി എത്രയും പെട്ടെന്ന് പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 പശുക്കടവ്-ഇഞ്ചിപ്പാറ-കോങ്ങോട് റോഡ് - 2012 ൽ ആരംഭിച്ച പ്രവൃത്തി നാളിതുവരെ ഫൈനൽബിൽ തയ്യാറാക്കിയില്ല.

ഫയൽ നമ്പർ - എ4-6559/2011

കരാർ ഉടമ്പടി - 4/12-13 തീയതിഃ 13.6.12

കരാറുകാരൻ – ശ്രീ.ജോസഫ് പുല്ലാട്ട്

2011 ലെ കാലവർഷക്കെടുതിയിൽ (ഫ്ലഡ് ഫണ്ട്) ഉൾപ്പെടുത്തി മരുതോങ്കര ഗ്രാമപഞ്ചായത്തിലെ പശുക്കടവ്-ഇഞ്ചിപ്പാറ-കോങ്ങോട് റോഡ് 4950000 രൂപയുടെ എസ്റ്റിമേറ്റിന് സ.ഉ.(ആർ.റ്റി)535/12/ഡി.എം.ഡി തീയതിഃ 24.1.12 പ്രകാരം ഭരണാനുമതി നൽകുകയും, ഇതിന്റെ അടിസ്ഥാനത്തിൽ ബഹു.ജില്ലാ കലക്ടറുടെ നടപടിക്രമം എഫ്3/2011/38431/11(1) തീയതിഃ 29.2.12 പ്രകാരം എക്സിക്യൂഷൻ സാങ്ഷൻ അനുവദിക്കുകയും ചെയ്തു. തുടർന്ന് പ്രവൃത്തി ടെൻഡർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി ചെയ്യാമെന്ന വ്യവസ്ഥയിൽ ശ്രീ.ജോസഫ് പുല്ലാട്ട് 13.6.2012 ന് കരാറിലേർപ്പെട്ടു. 20.6.2012 ന് സൈറ്റ് ഹാൻഡ് ഓവർ ചെയ്തതായി 17.12.12 ന് സെക്രട്ടറി കരാറുകാരന് അയച്ച കത്തിൽ വ്യക്തമാക്കുന്നു. തുടർന്ന് പ്രവൃത്തി

പൂർത്തിയാക്കി ഫൈനൽ ബിൽ തയ്യാറാക്കിയതായി ഫയലിൽ കാണുന്നില്ല. ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകത കാണുന്നു.

പ്രവൃത്തിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വന്ന ക്രമക്കേടുകൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അപാകതകൾ കണ്ടെത്തുകയും വിജിലൻസ് ഡയറക്ടർ 9/14 ന് സർക്കാരിന് ചെക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ബഹു.അഡീഷണൽ ചീഫ് സെക്രട്ടറി 17.12.14 ലെ 12878/ഡി3/2014/വിജിലൻസ് നമ്പർ കത്തിലൂടെ, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോട് ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.പ്രവീണിനെതിരെയും, ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കെതിരെയും വകുപ്പ്തല നടപടി സ്വീകരിക്കാൻ ആവശ്യപ്പെട്ടു. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർക്കെതിരെ സ്വീകരിച്ച വകുപ്പുതല നടപടിക്രമം ബന്ധപ്പെട്ട ഫയലിൽ വ്യക്തമല്ല. മരാമത്ത് പ്രവൃത്തിയിൽ വലിയ ക്രമക്കേട് വിജിലൻസ് വകുപ്പ് ചൂണ്ടിക്കാട്ടിയിട്ടും, എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർക്കെതിരെ സ്വീകരിച്ച നടപടിക്രമം വ്യക്തമാകാതിരിക്കുന്ന നടപടിക്രമത്തിലല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

2) വളരെയധികം തുക ചെലവഴിച്ച് നിർമ്മിച്ച പദ്ധതിയുടെ ഫൈനൽബിൽ 4 വർഷം കഴിഞ്ഞിട്ടും തയ്യാറാക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. 17.12.2014 ലെ വിജിലൻസ് കത്ത് (സർക്കാരിന് സമർപ്പിച്ചത്) അടിസ്ഥാനത്തിൽ ബിൽ തയ്യാറാക്കി, പ്രസ്തുത ഫയലിൽ ഫണ്ട് ലാപ്സ് ആകാതെ നടപടിക്രമം പൂർത്തിയാക്കേണ്ടതാണ്.

## 3-8 ഫൈനൽബില്ലിൽ നിന്ന് കുറവ് ചെയ്തത് വാണിജ്യനികുതി വകുപ്പിന് അടവാക്കിയിട്ടില്ല.

2015-16 വർഷം തനത്ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫൈനൽബില്ലിൽ നിന്ന് കുറവ് ചെയ്ത വാറ്റ് നികുതി, വാണിജ്യനികുതി വകുപ്പിന് അടവാക്കിയതായി കാണുന്നില്ല.

| ക്രമ നം | പ്രവൃത്തിയുടെ പേര്/പ്രോജക്ട് നമ്പർ | കരാറകാരന്റെ പേര് | ചെക്ക് നമ്പർ/തീയതി/തുക | ഈടാക്കിയ വാറ്റ് |
|---|---|---|---|---|
| 1 | മാമ്പിലാട് പമ്പ്ഹൗസ് 144/16 | ചന്ദ്രൻ കക്കട്ടിൽ (കൺവീനർ) | വൗച്ചർ: 21500320/23.9.15 തുക: 13739 | 687 |
| 2 | സ്റ്റെപ്പ് നിർമ്മാണം-കുഞ്ഞിപ്പറമ്പത്ത് താഴ 171/16 | ഇ.കെ.സുമിത്രൻ | വൗച്ചർ: 21500605/27.1.16 തുക: 74287 | 2972 |
| 3 | പുനത്തിൽ കള്ളാട് റോഡ്168/16 | ഇ.കെ.സുമിത്രൻ | വൗച്ചർ: 21500604/27.1.16 തുക: 192562 | 7703 |
| 4 | മരുതോങ്കര സാംസ്കാരിക നിലയം പെയിന്റിംഗ് 185/16 | സുധേഷ് കൊല്ലിയിൽ (കൺവീനർ) | വൗച്ചർ: 21500606/27.1.16 തുക: 14128 | 706 |
| 5 | ചെപ്പാരപ്പ് നട-മുണ്ടവ്വയൽ നീറ്റിക്കോട്ട റോഡ് 65/16 | രഘുദാസൻ | വൗച്ചർ: 21500730/4.3.16 തുക: 188000 | 8000 |

| | | | | |
|---|---|---|---|---|
| 6 | കാഞ്ഞിരക്കണ്ടി പഞ്ചായത്ത് കളിസ്ഥലം 149/16 | ഇ.കെ.സുമിത്രൻ | വൗച്ചർ: 21500854/29.3.16<br>തുക: 296922 | 14006 |
| 7 | കള്ളാട്-അക്വഡറ്റ് റോഡ് 169/16 | ഇ.കെ.സുമിത്രൻ | വൗച്ചർ: 21500874/31.3.16<br>തുക: 311424 | 13252 |

തുക അടവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 കൃഷി ഓഫീസിലേക്ക് സീലിംഗ് ഫാൻ വാങ്ങൽ– ടെണ്ടർ നടപടി ക്രമങ്ങൾ പാലിക്കാതെ SIDCO യിൽ നിന്നും നേരിട്ട് വാങ്ങി

പ്രൊജക്റ്റ് നം. : S0188/16

പ്രൊജക്റ്റ് : കൃഷി ഓഫീസിന് ഫർണ്ണിച്ചർ വാങ്ങൽ

അടങ്കൽ : 6,250(വികസനഫണ്ട്(പൊതുവിഭാഗം))

25,000(ധനകാര്യകമ്മീഷൻ അവാർഡ്)

കൃഷി ഓഫീസർ നിർവ്വഹണം ചെയ്ത മേൽ പദ്ധതി പ്രകാരം കൃഷിഭവന് സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു കമ്പ്യൂട്ടർ ടേബിൾ, റിവോൾവിംഗ് ചെയർ(2), ഒരു സീലിംഗ് ഫാൻ എന്നിവ സിഡ്കോ സ്ഥാപനമായ വുഡ് വർക്ക് ഷോപ്പ്, പുതിയറ, കോഴിക്കോട്- നിന്നും വാങ്ങിക്കുന്നതിനാണ് തുക ചെലവഴിച്ചിരിക്കുന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | HW Junior Officers Table with drawer, cupboard (120x75x75) | 1 | 12,973 | 12,973 |
| 2 | HW Arm Chair plastic Ratten Seat and back | 2 | 3433 | 6,866 |
| 3 | Computer Table with sliding Keyboard | 1 | 5722 | 5,722 |
| 4 | 48″ High Speed Brown Ceiling Fan<br>Crompton | 1 | 1732 | 1732 |
| | | | | 27,293 + 3957.40 (VAT 14.5%) 31,250 |

SIDCO നിർമ്മിതമല്ലാത്ത ക്രോംപ്ടൻ ബ്രാന്റിന്റെ (ക്രമ നം(4)) സീലിംഗ് ഫാൻ ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ SIDCO യിൽ നിന്നും നേരിട്ട് വാങ്ങുകയാണ് ചെയ്തിരിക്കുന്നത്. സീലിംഗ് ഫാൻ സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-10 പദ്ധതി മാർഗ്ഗ രേഖയും ഫണ്ട് വിനിയോഗമാർഗ്ഗ രേഖയും മറികടന്ന് മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഉപയോഗിച്ച് അംഗൻവാടികൾക്ക് കംപ്യൂട്ടർ വാങ്ങൽ

(എ)

നിർവ്വഹണോദ്യോഗസ്ഥ : ഐ.സി.ഡി.എസ്.സൂപ്പർവൈസർ

ഫണ്ട് : മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)

പ്രൊജക്ട് നമ്പർ :176/2016

ബിൽ :9/11-03-2016,

തുക : 198,880/-

പഞ്ചായത്തിലെ 4 അംഗൻവാടികൾക്ക് കംപ്യൂട്ടർ വാങ്ങി നൽകുന്നതിനായി 198880/-രൂപ മേൽ ബിൽ പ്രകാരം പിൻവലിച്ച് ഡി.ഡി നമ്പർ 514191/14-03-2016 ആയി കെൽട്രോണിന് നൽകിയിട്ടുണ്ട്. ഇങ്ങനെ വാങ്ങിയ കംപ്യൂട്ടറുകൾ ചീനവേലി (111), മുണ്ടവയൽ(113),നെല്ലിക്കുന്ന്(115),ചെറുവറ്റ(104)എന്നീ അംഗൻവാടികൾക്ക് നൽകിയിട്ടുണ്ട്.സ.ഉ.( എം.എസ്)362/2013 / ത.സ്വ.ഭ.വ തിയ്യതി.16-11-2013അനുസരിച്ച് അംഗൻവാടികൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും ഭക്ഷണ വിതരണം കുറ്റമറ്റതാക്കാനുമാണ് പദ്ധതി പണം ചെലവഴിക്കേണ്ടത്.കളിപ്പാട്ടങ്ങൾ ഉപയോഗിക്കേണ്ട 3-6 വയസ്സ് പ്രായമുള്ള കുട്ടികൾക്കാണ് ഐ.കെ.എം സ്പെസിഫിക്കേഷനോടുകൂടിയ കംപ്യൂട്ടറുകൾ വാങ്ങി നൽകിയിരിക്കുന്നത്.കുട്ടികൾക്ക് വേണ്ടിയല്ല മറിച്ച് അംഗൻവാടി ടീച്ചർമാർക്ക് വേണ്ടിയാണെങ്കിൽ പോലും പദ്ധതി മാർഗ്ഗരേഖയനുസരിച്ച് കംപ്യൂട്ടർ വാങ്ങി നൽകാൻ പാടില്ല. പഞ്ചായത്തിലെ 2 അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടമില്ലാതെ വാടക കെട്ടിടത്തിലും ഷെഡിലും പ്രവർത്തിക്കുമ്പോളാണ് ശിശുക്ഷേമ പദ്ധതികൾക്കായി ചെലവഴിക്കേണ്ട തുക പദ്ധതി മാർഗ്ഗരേഖ മറികടന്ന് അംഗൻവാടികൾക്ക് കംപ്യൂട്ടർ വാങ്ങി നൽകാനായി ചെലവഴിച്ചത്.

സ.ഉ.(എം.എസ്)330/2004/ത.സ്വ.ഭ.വ തിയ്യതി.09-12-2004 മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)ഫണ്ട് വിനിയോഗമാർഗ്ഗ രേഖയും മറ്റ് അനുബന്ധ സർക്കാർ ഉത്തരവും അനുസരിച്ച് മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)ഉപയോഗിച്ച് അംഗൻവാടികൾക്ക് കംപ്യൂട്ടർ വാങ്ങി നൽകാൻ പാടില്ല.

പദ്ധതി മാർഗ്ഗരേഖയും ഫണ്ട് വിനിയോഗ മാർഗ്ഗരേഖയും മറികടന്ന് മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)ഉപയോഗിച്ച് അംഗൻവാടികൾക്ക് കംപ്യൂട്ടർ വാങ്ങി നൽകിയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. മേൽ അപാകതകൾ കാരണം 198880/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 ഐ.എ.വൈ വിഹിതം അടവാക്കിയത് :ഔദ്യോഗിക രശീതിയും വിശദമായ വിനിയോഗ സർട്ടിഫിക്കറ്റും ലഭ്യമാക്കിയില്ല

1) നിർവ്വഹണോദ്യോഗസ്ഥൻ : വി.ഇ.ഒ

ബിൽ,തുക :1/31-12-2015 600,000/-

2/23-02-2016 200,000/-

മേൽ ബില്ലുകൾ പ്രകാരം പിൻവലിച്ച 800,000/-രൂപ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.ഇതിൽ ആദ്യ ബിൽ പ്രകാരം പിൻവലിച്ച തുക ഡി.ഡി.നം.513828/15-01-2016ആയി നൽകിയതിന് ബ്ലോക്ക് പഞ്ചായത്ത് ഔദ്യോഗിക രശീതി നൽകിയിട്ടുണ്ട് (രശീതി നം.26/16-01-2016).എന്നാൽ രണ്ടാം ബിൽ പ്രകാരം പിൻവലിച്ച 200,000/-രൂപ കൈമാറുമ്പോൾ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ഔദ്യോഗിക രശീതി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ഈ തുക കൈമാറിയതിന്റെ ഡി.ഡി വിശദാംശങ്ങളും ലഭ്യമല്ല. തുക നൽകുന്നതിന് അടിസ്ഥാനമായ,പഞ്ചായത്ത് തലത്തിൽ നടപ്പാക്കേണ്ട ഐ.എ വൈ പ്രവർത്തനങ്ങൾക്ക് തുക വകയിരുത്തുന്നതിന് ആവശ്യമായ ഗുണഭോക്താക്കളുടെ എണ്ണവും നൽകാനുള്ള ഗഡുക്കളുടെ വിശദാംശവും അടങ്ങുന്ന ബജറ്റ് വിവരങ്ങൾ ലഭ്യമാക്കാതെയാണ് പഞ്ചായത്ത് ഐ.എ.വൈ വിഹിതം നൽകിയത്.പഞ്ചായത്ത് നൽകിയ തുക വിവിധ ഗുണഭോക്താക്കൾക്കായി ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ അടങ്ങിയ വിനിയോഗ സാക്ഷ്യപത്രം ബ്ലോക്ക്

പഞ്ചായത്തിൻ നിന്ന് ലഭിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവു തുക തടസ്സത്തിൽ വെക്കുന്നു.

2) നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് സെക്രട്ടറി

ബിൽ,തുക : 3/25-11-2016 140,000/-

മേൽ ബിൽ പ്രകാരം പിൻവലിച്ച 140,000/-രൂപ ബ്ളോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.ഇങ്ങനെ പിൻവലിച്ച തുക ഡി.ഡി.നം.513937/06-02-2016ആയി കൈമാറുമ്പോൾ ബ്ളോക്ക് പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ഔദ്യോഗിക രശീതി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. തുക നൽകുന്നതിന് അടിസ്ഥാനമായ,പഞ്ചായത്ത് തലത്തിൽ നടപ്പാക്കേണ്ട ഐ.എ വൈ പ്രവർത്തനങ്ങൾക്ക് തുക വകയിരുത്തുന്നതിന് ആവശ്യമായ ഗുണഭോക്താക്കളുടെ എണ്ണവും നൽകാനുള്ള ഗഡുക്കളുടെ വിശദാംശവും അടങ്ങുന്ന ബജറ്റ് വിവരങ്ങൾ ലഭ്യമാക്കാതെയാണ് പഞ്ചായത്ത് ഐ.എ.വൈ വിഹിതം നൽകിയത്.പഞ്ചായത്ത് നൽകിയ തുക വിവിധ ഗുണഭോക്താക്കൾക്കായി ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ അടങ്ങിയ വിനിയോഗ സാക്ഷ്യപത്രം ബ്ലോക്ക് പഞ്ചായത്തിൻ നിന്ന് ലഭിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവു തുക തടസ്സത്തിൽ വെക്കുന്നു.

## 3-12 കന്നുകുട്ടി പരിപാലന പദ്ധതി നിർവ്വഹണ രേഖകൾ ഹാജരാക്കിയില്ല.

കന്നുകുട്ടി പരിപാലന പദ്ധതി നിർവ്വഹണ രേഖകൾ ഹാജരാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജ്ജൻ

പദ്ധതി പേര്, നമ്പർ - പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, 24/15-16

ബിൽ നമ്പർ,തുക – 1/20-01-16, 312,500/-

ഫണ്ട് : വികസന ഫണ്ട്

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്നതിനായി പഞ്ചായത്ത് വിഹിതം 312500/- രൂപ മേൽ വിവരിച്ച ബിൽ പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ ഓഫ് കാഫ് ഫീഡ്, കോഴിക്കോട് എന്നവർക്ക് നൽകിയിട്ടുണ്ട്. പദ്ധതിക്കായി തുക കൈമാറിയെങ്കിലും പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

- ഗ്രാമപഞ്ചായത്ത് തലത്തിൽ കന്നുകുട്ടികളെ തെരഞ്ഞെടുക്കുന്നതിനായി പ്രസിഡന്റ് ചെയർമാനും, വെറ്റിനറി സർജ്ജൻ കൺവീനറുമായി രൂപീകരിച്ച സമിതിയുടെ മിനുട്ട്സ് ബുക്ക്, സമിതിയുടെ മറ്റ് പ്രവർത്തന രേഖകൾ.
- പദ്ധതി പ്രവർത്തനം ആരംഭിച്ച കാലയളവ്.
- പദ്ധതി നടത്തിപ്പിന് പഞ്ചായത്ത് തലത്തിൽ തെരഞ്ഞെടുത്ത ക്ഷീരവികസന സൊസൈറ്റിയുടെ പേര്.
- കർഷകർക്ക് പരിശീലനങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ.
- പദ്ധതിയുടെ ജില്ലാ നിർവ്വഹണ ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്തിൽ ലഭ്യമാക്കിയ ഭൗതികനേട്ട റിപ്പോർട്ട്,വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ.
- പഞ്ചായത്ത് തലത്തിൽ പദ്ധതി മോണിട്ടറിംഗ് നടത്തിയതിന്റെ വിശദാംശങ്ങൾ.

മേൽ വിശദാംശങ്ങൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.മേൽ രേഖകളുടെഅഭാവത്തിൽ ചെലവു തുക തടസ്സത്തിൽ വെക്കുന്നു.

## 3-13 തെരുവുനായ വന്ധ്യംകരണം : വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

വൗച്ചർ,തുക :21500818/28-03-2016 200,000/-

ഫണ്ട് : ധനകാര്യ കമ്മീഷൻ അവാർഡ്

പ്രൊജക്ട്,നം :182/16, തെരുവുനായ വന്ധീകരണം ജില്ലാപഞ്ചായത്തിന് വിഹിതം നൽകൽ

മേൽ വൗച്ചർ പ്രകാരം പിൻവലിച്ച 200,000/-രൂപ ഡി.ഡി നമ്പർ 514477/02-04-2016ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക നൽകുന്നതിന് അടിസ്ഥാനമായ,പഞ്ചായത്ത് തലത്തിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക അടങ്ങുന്ന ബജറ്റ്/പ്രൊജക്ട് വിവരങ്ങൾ ലഭ്യമാക്കാതെയാണ് പഞ്ചായത്ത് വിഹിതം നൽകിയത്.പഞ്ചായത്ത് നൽകിയ തുക

പദ്ധതിക്കായി ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ അടങ്ങിയ വിനിയോഗ സാക്ഷ്യപത്രം ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവു തുക തടസ്സത്തിൽ വെക്കുന്നു.

## 3-14 വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം:അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥ : സെക്രട്ടറി

ഫണ്ട് : ബി ഫണ്ട്

ബിൽ :42/26-03-2016,

തുക : 120,000/-

സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം നൽകുന്നതിനായി മേൽ ബിൽ പ്രകാരം പിൻവലിച്ച 120,000/-രൂപ 4 അപേക്ഷകർക്കായി 30,000/-രൂപ വെച്ച് നൽകിയിട്ടുണ്ട്.ഇതിൽ ശ്രീമതി.മോളി ജോസഫ് അവരുടെ മകളുടെ വിവാഹധനസഹായത്തിന് അപേക്ഷിച്ചതിൻപടി ഡി.ഡി നമ്പർ 514605/4-4-2016ആയി 30,000/-രൂപ ഇവർക്ക് നൽകിയിട്ടുണ്ട്. ഇങ്ങനെ ധനസഹായം അനുവദിച്ചത് സംബന്ധിച്ച അപാകതകൾ ചുവടെ കാണിക്കുന്നു.

1. വിവാഹത്തിന് ഒരു മാസം മുന്നേ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം ലഭിക്കുന്നതിനായി അപേക്ഷ നൽകണം.സ.ഉ.(പി)339/2013/ധനം തിയ്യതി.12-07-2013 പ്രകാരം വിവാഹം കഴിഞ്ഞ തിയ്യതി മുതൽ ഒരു വർഷത്തിനകം വരെ സമർപ്പിക്കുന്ന അപേക്ഷകർക്ക് വിവാഹധനസഹായം നൽകുന്നതിനായി കലക്ടർക്കാണ് അധികാരമുള്ളത്. എന്നാൽ മോളി ജോസഫിന്റെ മകൾ ബിന്ദു ജേസഫിന്റെ വിവാഹം നടന്നത് 15-06-2015നാണ്.ഇവർ വിവാഹധനസഹായം ലഭിക്കുന്നതിനായി അപേക്ഷിച്ചത് വിവാഹം കഴിഞ്ഞ് 09-07-2015നാണ്.വിവാഹം കഴിഞ്ഞ് ലഭിക്കുന്ന അപേക്ഷയിൽ തീരുമാനമെടുക്കാനുള്ള അധികാരം കലക്ടർക്കാണെന്നിരിക്കെ,സർക്കാർ ഉത്തരവ് മറികടന്നാണ് പഞ്ചായത്ത്, മോളി ജോസഫിന് വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം അനുവദിച്ചത്.
2. സ.ഉ.(പി)339/2013/ധനം തിയ്യതി.12-07-2013 പ്രകാരം വിവാഹം കഴിക്കുന്ന പെൺകുട്ടിയുടെ പേരിൽ കുടുംബ വിഹിതമോ മാതാവിന്റേയോ പിതാവിന്റേയോ ഇഷ്ടദാനമോ ആയി വസ്തു,ധനം,ആഭരണം ഉൾപ്പെടെ 50,000/-രൂപയിൽ കവിയരുത്.എന്നാൽ ഇവിടെ വിവാഹം കഴിക്കുന്ന പെൺകുട്ടിയുടെ പേരിൽ കുടുംബ വിഹിതമോ മാതാവിന്റേയോ പിതാവിന്റേയോ ഇഷ്ടദാനമോ ആയി വസ്തു, ധനം, ആഭരണം ഉൾപ്പെടെ 50,000/-രൂപയിൽ കവിയുന്നില്ലായെന്ന സാക്ഷ്യപത്രം ഹാജരാക്കാതെയാണ് വിവാഹ ധനസഹായം അനുവദിച്ചത്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവു തുക തടസ്സത്തിൽ വെക്കുന്നു.

## 3-15 ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണം:പദ്ധതി മാർഗ്ഗ രേഖാ നിബന്ധന പിലിച്ചില്ല

നിർവ്വഹണോദ്യോഗസ്ഥ : ഐ.സി.ഡി.എസ്.സൂപ്പർവൈസർ

ഫണ്ട് : വികസന ഫണ്ട്

പ്രൊജക്ട് നമ്പർ : 30/2016

ബിൽ : 13/26-03-2016,

തുക : 100,000/-

ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണം എന്ന പദ്ധതിയനുസരിച്ച് പഞ്ചായത്തിലെ ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് വേണ്ടി ക്യാമ്പ് നടത്തി ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്കായി വീൽചെയർ,ഹിയറിംഗ് എയിഡ് എന്നീ ഉപകരണങ്ങൾ വാങ്ങിയതിന് 100,000/-രൂപ വികലാംഗ ക്ഷേമ കോർപറേഷന് ഡി.ഡി നം.524527/26-03-2016ആയി നൽകിയിട്ടുണ്ട്. സ.ഉ.(എം.എസ്)362/2013/ത.സ്വ.ഭ.വ തിയ്യതി.16-11-2013 ഖ. 5(3)

അനുസരിച്ച് 40% എങ്കിലും വൈകല്യമുള്ളവർക്കേ ഉപകരണങ്ങൾ വിതരണം ചെയ്യാവൂ.

മേൽ പ്രോജക്റ്റ് പ്രകാരം തിരഞ്ഞെടുക്കപ്പെട്ട മല്ലിക.വി.കെ, കുഞ്ഞിരാമൻനായർ പാറചാലിൽ എന്നീ ഗുണഭോക്താക്കൾക്ക് ഹിയറിംഗ് എയിഡ് വാങ്ങി നൽകിയതിന് വികലാംഗക്ഷേമ കോർപറേഷന് യഥാക്രമം 11000/-രൂപ,9228/-രൂപ എന്നിങ്ങനെ നൽകിയിട്ടുണ്ട്. എന്നാൽ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് പ്രകാരം മല്ലിക.വി.കെ യ്ക്ക് 37% വൈകല്യം മാത്രമേയുള്ളൂ. കുഞ്ഞിരാമൻനായർക്ക് മെഡിക്കൽ ബോർഡിൽ നിന്നും ലഭിക്കുന്ന ശാരീരിക വൈകല്യത്തിന്റെ തോത് വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് പോലുമില്ലാതെയാണ് ഉപകരണങ്ങൾ നല്കിയത്.

പദ്ധതി മാർഗ്ഗരേഖയനുസരിച്ചുള്ള മാനദണ്ഡം പാലിക്കാതെ മേൽ പറഞ്ഞ ഗുണഭോക്താക്കൾക്ക് ഹിയറിംഗ് എയിഡ് വാങ്ങി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. മേൽ അപാകത കാരണം ചെലവു തുക തടസ്സത്തിൽ വെക്കുന്നു.

## 3-16 ശിശുക്കൾക്ക് രോഗപ്രതിരോധ കുത്തിവെപ്പ്- വാഹനവാടകയ്ക്ക് പദ്ധതി തുക ചെലവഴിച്ചു.

പ്രൊജക്റ്റ് : ശിശുക്കൾക്ക് രോഗ പ്രതിരോധ കുത്തിവെപ്പ്

പ്രൊജക്റ്റ് നം : S0048/16

അടങ്കൽ : 23400/-(ധനകാര്യകമ്മീഷൻ)

മരുതോങ്കര പ്രാഥമികാരോഗ്യകേന്ദ്രത്തിന് കീഴിലുള്ള 4 ആരോഗ്യ ഉപകേന്ദ്രത്തിലും, അംഗൻവാടികളിലും വച്ച് മാസത്തിൽ ഒരു ദിവസം ശിശുക്കൾക്ക് രോഗപ്രതിരോധ കുത്തിവെയ്പ്പ് നൽകുന്നതിന് മരുന്നും, ഡോക്ടർ, സ്റ്റാഫ് എന്നിവരേയും സ്ഥാപനങ്ങളിൽ എത്തിക്കുന്നതിനുള്ള വാഹന വാടക നൽകുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്. ചെലവു വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം, തീയതി | ചെലവു തുക |
|---|---|---|
| 1 | 01/15-16 തീ. 23.09.2015 | 6,725 |
| 2 | 3/15-16 തീ. 27.01.2016 | 7,400 |
| 3 | 5/15-16 തീ. 15.03.2016 | 6,130 |
| 4 | 8/15-16 തീ. 28.03.2016 | 3,145 |

മേൽ പരാമർശിച്ച പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പിന്റെ ചുമതലയായിരിക്കെ ഗ്രാമ പഞ്ചായത്ത് വാഹന വാടക നൽകുന്നതിനായി പദ്ധതിതുക ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതും, ഇത് സംബന്ധമായ സർക്കാർ ഉത്തരവ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-17 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ: നാളിതുവരേയായിട്ടും മരുന്ന് ലഭ്യമായില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ(ഹോമിയോ)

പദ്ധതി പേര്, നമ്പർ - ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ, 33/15-16

ബിൽ നമ്പർ,തുക – 1/18-12-15, 125,000/-

ഫണ്ട് : മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)

മേൽ പ്രൊജക്റ്റ് പ്രകാരംഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി 100,000 /-രൂപ ഡി.ഡി.നം.513770/01-01-2016 പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപതി കോ-ഓപ് ഫാർമസിക്ക് നൽകിയിട്ടുണ്ട്.ഡിപ്പാർട്ട്മെന്റലായി ആശുപത്രിയിലേക്ക് മരുന്ന് ലഭ്യമാവാത്ത സാഹചര്യത്തിൽ ആശുപത്രിയിലെത്തുന്ന രോഗികൾക്ക് മരുന്ന് കിട്ടാത്ത അവസ്ഥ വരാതിരിക്കാനാണ് മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)ഫണ്ട് ഉപയോഗിച്ച് ആശുപത്രികളിലേക്ക് മരുന്ന് വാങ്ങുന്നത്.എന്നാൽ മേൽ ഡി.ഡി. പ്രകാരം തുക നൽകിയിട്ട് നാളിതുവരേയായിട്ടും ആശുപത്രിയിൽ മരുന്ന് ലഭ്യമായിട്ടില്ല. പണം നൽകി 11മാസമായിട്ടും മരുന്ന് ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്. മേൽ അപാകത കാരണം ചെലവു

തുക തടസ്സത്തിൽ വെക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് സ്ഥാപിക്കാൻ-ലൈൻ വലിക്കൽ | ലഭ്യമായില്ല | 1,20,000 | 1,20,000 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ലോൺ | സ.ഉ(സാ) 646/10 ത.സ്വ.ഭ.വ തീ. 25.02.10 | - | 40,49,250 | 10,22,850 | | 30,26,400 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,68,339 |
| തൻവർഷം നിക്ഷേപിച്ച തുക | 15,992 |
| ആകെ | 1,84,331 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,84,331 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കെ.ഡി.സി ബാങ്ക്, കുറ്റ്യാടി | 1,84,331 |
| ആകെ | 1,84,331 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1997-98 | 36 | 2003-04 | 11.7 പൊതു പരാമർശങ്ങൾ | മരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതികാനുമതിയില്ല |
| 1998-99 ചെലവ് | 19 | 2003-04 | 11.1 പൊതു പരാമർശങ്ങൾ | എഗ്ഗർ നഴ്സറി യൂണിറ്റ് പൂർത്തിയാക്കിയില്ല |
| | 30 | | | വനിതാ സോപ്പ് നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നില്ല |
| | 32 | | | ബുക്ക് ബൈൻഡിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നില്ല |
| | 35 | | | നാളീകേര കോംപ്ലക്സ് പ്രവർത്തനമാരംഭിച്ചില്ല |
| 1999-00 | 28 | | 11.7 | കയറുൽപ്പന്ന നിർമ്മാണ പരിശീലനം |
| | 32 | | | വീട് ഓട്ടു മേയൽ ചെലവ് വിവരം ലഭ്യമല്ല |
| 2000-01 ഡി.സി.ബി | 1.6 | 2005-06 | 11.7 പൊതു പരാമർശങ്ങൾ | രജിസ്റ്ററുകളുടെയും ഫയലുകളുടെയും സൂക്ഷിപ്പ് |
| | 2.1 | | | ക്യാഷ് ബുക്ക് കൃത്യമായി സൂക്ഷിക്കുന്നില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,10,30,945 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,66,79,807 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,61,741 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 24,94,774 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 2,38,878/- | ശ്രീ.ബാലകൃഷ്ണൻ.സി.കെ, സെക്രട്ടറി |
| 3-2(എ) | | 9,243/- | |
| 3-5 | | 13,620 | അസിസ്റ്റന്റ് എഞ്ചിനീയർ |
| | ആകെ | 2,61,741 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 66,81,66 | ശ്രീ.ബാലകൃഷ്ണൻ.സി.കെ, സെക്രട്ടറി |
| 3-10 | 198880 | ശ്രീമതി. അന്നക്കുട്ടി മാത്യു, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-11(1) | 8,00,000 | ശ്രീ. പ്രീത് കമാർ, വി.ഇ.ഒ |
| 3-11(2) | 1,40,000 | ശ്രീ. മനോജ് എടവലത്ത്, അസി. സെക്രട്ടറി |
| 3-12 | 312500 | ഡോ. ടി. രജിത്ത്, വെറ്ററിനറി സർജൻ |
| 3-13 | 2,00,000 | ശ്രീ.ബാലകൃഷ്ണൻ.സി.കെ, സെക്രട്ടറി |

| | | |
|---|---|---|
| 3-14 | 30,000 | ശ്രീ.ബാലകൃഷ്ണൻ.സി.കെ, സെക്രട്ടറി |
| 3-15 | 20228 | ശ്രീമതി. അന്നക്കുട്ടി മാത്യു, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-17 | 1,25,000 | ഡോ. നിഖില, മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| | 2494774 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബാലകൃഷ്ണൻ.സി.കെ, സെക്രട്ടറി | റിട്ടയേർഡ് | ഗീതം, കരണ്ടോട്, നരിക്കുട്ടും ചാൽ, കുറ്റ്യാടി വഴി, കോഴിക്കോട് ജില്ല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 ചെലവ് | എൽ.എഫ്.കെ.കെ.ഡി. പി6/86/13(1) dt. 13.02.2011 | 4 |
| 1997-98 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി. എസ്1/720/03dt. 14.11.2003 | 1 |
| 1998-99 ചെലവ് | എൽ.എഫ്.കെ.കെ.ഡി. പി6/86/13(2) dt. 13.02.2011 | 8 |
| 1998-99 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി. എസ്1/721/03 dt. 01.09.05 | 7 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി. പി6/1920/11(11) dt. 24.07.2012 | 7 |
| 2000-01 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി. പി6/1920/11(12) dt. 24.07.2012 | 4 |
| 2000-01 പ്ലാൻ | എൽ.എഫ്.കെ.കെ.ഡി. എസ്2/1181/03 dt. 01.09.2005 | 8 |
| 2001-02 പ്ലാൻ | എൽ.എഫ്.കെ.കെ.ഡി. എസ്2/1182/03 dt. 19.08.2005 | 7 |
| 2001-02 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി. പി6/251(1)/09 dt. 31.03.2009 | 3 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി. പി6/251(1)/09 dt. 31.03.2009 | 12 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി. പി6/1156(1)/09 dt. 20.05.2010 | 12 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി. പി6/1156(2)/09 dt. 20.05.2010 | 11 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി. പി6/1156(2)/09 dt. 20.05.2010 | 10 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി. പി6/75/11 dt. 08.06.2011 | 22 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി. പി6/1136/12 dt. 28.04.2012 | 18 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി. പി6/1531(1)/12 dt. 01.11.2012 | 17 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി. പി6/1531(2)/12 dt. 01.11.2012 | 23 |
| 2010-11, 11-12 | എൽ.എഫ്.കെ.കെ.ഡി. പി6/273/13 dt. 25.11.2013 | 26 |
| 2012-13, 13-14 | എൽ.എഫ്.കെ.കെ.ഡി. പി6/16/15 dt. 18.02.2015 | - |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി6/1127/2016 dt. 24.06.2016 | |

* മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിലെ വിവരങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

<u>അനുബന്ധം</u>

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

കെ.എസ്.എ.കെ.കെ.ഡി. /പി6/2195/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്
E-mail: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

തീയതി. 10.1.2017

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

KSA-KKD.P6/2195/16

Kerala State Audit Department

District Audit Office, Kozhikode
Phone: 0495-2371012
E-mail:dokkd.ksad@kerala.gov.in

Date:.10-01-2017.

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Maruthonkara Panchayat in Kozhikode District for the year ended on 31.03.2016 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Maruthonkara Grama Panchayat for the year 2015-16 except the observations in My audit report properly presents the picture of income and expenditure .

DEPUTY DIRECTOR
District Audit Office, Kozhikode.